50th Death Anniversary



# സ്മരണാഞ്ജലി

## Rev. Fr. MICHAEL O.I.C., M.A.

MANJANAMKUZHIYIL

BORN ON : 3-7-1924


ORDAINED ON : 24-8-1952

DIED ON : 18-12-1964

www.malankaralibrary.com

# ദൈവദാസൻ ആർച്ച് ബിഷപ്പ് മാർ ഇവാനിയോസ്

(മലങ്കര സുറിയാനി കത്തോലിക്കാ സഭാ സ്ഥാപകൻ)





www.malankaralibrary.com

# The Syro-Malankara Catholic Church

**BASELIOS CARDINAL CLEEMIS**
MAJOR ARCHBISHOP-CATHOLICOS

RESIDENCE & COMMUNICATION
MAJOR ARCHBISHOP'S HOUSE
PATTOM, TRIVANDRUM - 695 004
KERALA, INDIA

Office Tel : +91-471-2541642, 2541643, 250446
Fax : +91 471 2541635, E-mail: catholicostvm@gmail.com
Personal Tel: +91-471-2533644, 2541331
Fax : +91 471 2533688, E-mail : baselioscleemis@gmail.com




## അനുഗ്രഹ സന്ദേശം

ദൈവദാസൻ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് മെത്രാപ്പൊലീത്ത ആരംഭിച്ച ബഥനി സന്യാസസമൂഹത്തിലെ അംഗമെന്ന നിലയിൽ, മലങ്കര സുറിയാനി കത്തോലിക്ക സഭയിൽ നയോഗിക്കപ്പെട്ട ശുശ്രൂഷാവേദികളെല്ലാം വളരെ തീക്ഷ്ണതയോടെ പ്രവർത്തിച്ച് ക്രിസ്തുവിനെ പ്രേഷിത വേദികളിൽ കാട്ടിക്കൊടുത്ത ഒരു അജപാലകനാണ് ദിവംഗതനായ ബഹു. മൈക്കിൾ മഞ്ഞനാംകുഴി ഒ.ഐ.സി അച്ചൻ. ബഹുമാനപ്പെട്ട അച്ചന്റെ 50-ാം ചരമവാർഷികം ആചരിക്കുന്ന ആ അവസരത്തിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ വളർച്ചയ്ക്കും നന്മക്കും വേണ്ടി അദ്ദേഹം നൽകിയ സംഭാവനകളെ ഓർത്ത് പരമകാരുണികനായ ദൈവത്തിന് കൃതജ്ഞതയർപ്പിക്കുന്നു.

മലങ്കര സുറിയാനി കത്തോലിക്ക സഭയുടെ മലബാർ പ്രദേശത്തെ ആദ്യകാല പുനരൈക്യ പ്രേഷിത ശുശ്രൂഷകളിൽ ബഹു. അച്ചൻ നിസ്തുലമായ ശുശ്രൂഷയാണ് നിർവ്വഹിച്ചത്. തിരുവല്ല രൂപതാദ്ധ്യക്ഷൻ ആയിരുന്ന ഭാഗ്യസ്മരണാർഹനായ ജോസഫ് മാർ സേവേ്യറിയോസ് മെത്രാപ്പൊലീത്തായുടെ നിർദ്ദേശാനുസരണം മലബാർ പ്രദേശത്തുള്ള മലങ്കര വിശ്വാസികളുടെ അജപാലനശുശ്രൂഷക്കായി നിയോഗിതനായ ബഹു. മൈക്കിൾ അച്ചൻ ആ പ്രദേശത്തെ നമ്മുടെ സഭയ്ക്കു വേണ്ടിയും പൊതു സമൂഹത്തിന്റെ നന്മക്കു വേണ്ടിയും ത്യാഗത്തോടെ പ്രവർത്തിച്ചു. പ്രത്യേകിച്ചും മലബാറിലെ ജനങ്ങളുടെ സാമൂഹ്യ നന്മക്കു വേണ്ടിയും, സാംസ്കാരിക ഉന്നമനത്തിന് വേണ്ടിയും അദ്ദേഹം അക്ഷീണം പ്രയത്നിച്ചു. ജാതിമത ഭേദമെന്യെ പാവപ്പെട്ടവരുടെയും, രോഗികളുടെയും, നിരാലംബരുടെയും താങ്ങും തണലുമായി പ്രവർത്തിച്ച ബഹു. മൈക്കിൾ അച്ചനെ ഏവരും ആദരവോടും സ്നേഹത്തോടെയുമാണ് സമീപിച്ചിരുന്നത്. കോഴിക്കോട് ജില്ലയിലെ മൈക്കാവ് പ്രദേശത്തിന്റെ സമഗ്ര വളർച്ചയ്ക്ക് വേണ്ടി ഒരു ജനപ്രതിനിധി എന്ന പോലെ ധീരമായ ശുശ്രൂഷ അദ്ദേഹം നിർവ്വഹിച്ചു. ദൈവീക ദാനമായ തന്റെ പൗരോഹത്യ ശുശ്രൂഷയിലൂടെ ബഹു. മൈക്കിൾ അച്ചൻ അനേകർക്ക് ക്രിസ്തുവിന്റെ സ്നേഹവും ആർദ്രതയയും കരുണയുമെല്ലാം പകർന്നു നൽകി.

മലങ്കര മക്കളുടെ ആദ്ധ്യാത്മിക സമൂഹ്യ ഉന്നമനത്തിന് വേണ്ടി യത്നിച്ച ബഹു. മൈക്കിളച്ചൻ മലങ്കര സുറിയാനി



www.malankaralibrary.com

കത്തോലിക്ക സഭയുടെ മലബാർ പ്രദേശത്തെ ശക്തനായ വ്യക്താവും ശുശ്രൂഷകനുമായിരുന്നു. സഭാ സാമൂഹിക ശുശ്രൂഷകളോടൊപ്പം തന്നെ തന്റെ സന്ന്യാസ സമർപ്പണത്തിനുള്ള വിശ്വസ്തതയിലും അദ്ദേഹം തികഞ്ഞ ജാഗ്രത പുലർത്തി. മലബാറിൽ പല സ്ഥലങ്ങളിലും മിഷൻ കേന്ദ്രങ്ങളും ആരാധനാലയങ്ങളും തുടങ്ങുന്നതിന് അച്ചന്റെ പ്രവർത്തനങ്ങൾ ഏറെ സഹായകമായിരുന്നു. പിൽക്കാലത്ത് ഈ മിഷനുകളെല്ലാം ബെത്തേരി ഭദ്രാസനത്തിലെ ഇടവകകളായി പരിണമിച്ചു എന്നത് ഏറെ ചാരിതാർത്ഥ്യത്തോടെ സ്മരിക്കുന്നു. എം.എ. ബിരുധദാരിയായിരുന്ന അദ്ദേഹം മിഷൻ പ്രവർത്തനവും ആശ്രമാന്തരീക്ഷവും ആണ് ഏറെ ഇഷ്ടപ്പെട്ടിരുന്നത്. പ്രശസ്തമായ മഞ്ഞനാംകുഴി കുടുംബാംഗമായ ബഹു. മൈക്കിളച്ചൻ ചെങ്ങരൂർ സെന്റ് ജോർജ്ജ് മലങ്കര സുറിയാനി കത്തോലിക്ക ഇടവകയുടെ അഭിമാനമായി ചരിത്രത്തിൽ എന്നും സ്ഥാനം പിടിച്ചിരിക്കുന്നു.

"യജമാനൻ പറഞ്ഞു കൊള്ളാം നല്ലവനും വിശ്വസ്തനുമായ ഭൃത്യാ, അൽപകാര്യങ്ങളിൽ വിശ്വസ്തനായിരുന്നതിനാൽ അനേകകാര്യങ്ങൾ നിന്നെ ഞാൻ ഭരമേൽപിക്കു. നിന്റെ യജമാനന്റെ സന്തോഷത്തിലേക്ക് നീ പ്രവേശിക്കുക" (മത്താ. 25:21) ബഹു. മൈക്കിളച്ചന്റെ മഹനീയമായ ജീവിത മാതൃക പിന്തുടർന്ന് നമുക്കും സഭയുടെ മിഷൻ പ്രവർത്തനങ്ങളിൽ ആഴത്തിൽ ഉൾച്ചേരാം

+Baselios Cleemis

*** ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ്**
മലങ്കര സുറിയാനി കത്തോലിക്ക സഭയുടെ
മേജർ ആർച്ച് ബിഷപ്പ് - കാതോലിക്കോസ് &
പ്രസിഡന്റ്, കെ.സി.ബി.സി. & സി.ബി.സി.ഐ



www.malankaralibrary.com

# ARCHDIOCESE OF TIRUVALLA

DR. THOMAS MAR KOORILOS
METROPOLITAN ARCHBISHOP



## IN MEMORIAM

മഞ്ഞനാംകുഴിയിൽ ബഹുമാനപ്പെട്ട മൈക്കിൾ അച്ചൻ മൺമറഞ്ഞു എങ്കിലും അനേകരുടെ ഓർമ്മച്ചെപ്പിൽ നിറസാന്നിദ്ധ്യമാണ് അരനൂറ്റാണ്ടിനുശേഷവും. അദ്ദേഹം ഒരു സന്ന്യാസവര്യനായിരുന്നു. തന്റെ യുവത്വം പുഷ്ക്കലമാക്കിയ ഒരു ബഥാന്യൻ. പഠനം കൊണ്ടും ജീവിതചര്യകൊണ്ടും കർമ്മകശലതകൊണ്ടും മാത്രമല്ല സ്വർഗ്ഗപ്രാപ്തികൊണ്ടും ബഥനിയുടെ രണ്ടാം തലമുറയിലെ ഒന്നാമൻ. ആയുർരേഖ നീണ്ടുപോയിരുന്നെങ്കിൽ ഇന്ന് നാം നവതി ആഘോഷിക്കുമായിരുന്നു! പക്ഷേ അരനൂറ്റാണ്ടു മുമ്പേ ആ നല്ല പുഷ്പം നമ്മോട് വിട പറഞ്ഞു. നമ്മുടെ പരിമിതമായ ബുദ്ധികൊണ്ട് ചിന്തിച്ചാൽ ഉത്തരം ലഭിക്കാത്ത ഒന്നാണ് മരണത്തിന്റെ മഹാ രഹസ്യം. എന്നും എപ്പോഴും ശരി പ്രവൃത്തിക്കുന്ന ദൈവത്തിനറിയാം എന്താണ് കരണീയവും ശ്രേഷ്ഠവുമെന്ന്. മറിച്ച് തന്റെ കർത്താവിനോടു കൂടി ആയിരിക്കുന്നത് ഏറെ കമനീയമായി കരുതിയ വിശുദ്ധ പൗലോസ് നമുക്ക് വഴികാട്ടിയാണ്.

സ്നാപകയോഹന്നാനെപ്പറ്റി നമ്മുടെ കർത്താവ് ഒരിക്കൽ പറഞ്ഞ തിരുവചനം സ്മർത്തവ്യമാണ് "കത്തിജ്വലിക്കുന്ന ഒരു വിളക്കായിരുന്നു അവൻ. അല്പസമയത്തേക്ക് അവന്റെ പ്രകാശത്തിൽ ആഹ്ലാദിക്കുവാൻ നിങ്ങൾ ഒരുക്കവുമായിരുന്നു" (യോഹ. 5: 35). ബഹുമാനപ്പെട്ട മൈക്കിൾ ഒ.ഐ.സി. അച്ചനെഞാൻ കണ്ടിട്ടില്ല, പക്ഷേ ഏറെ കേട്ടറിഞ്ഞിട്ടുണ്ടുതാനും. മാനുഷിക ഗുണങ്ങളിലും പാരമ്പര്യവഴികളിലും തിളക്കമാർന്നതിനൊപ്പം സന്ന്യാസ പരിശീലന വഴികളും പുനരൈക്യപ്രസ്ഥാനതരംഗവും ആ വ്യക്തിത്വത്തിന് ഊടും പാവുമായിരുന്നു. 'കേരളത്തിന്റെ റോമനഗരം' എന്ന അപരനാമമുള്ള പാലായിൽ ബാല്യകാലം ചെലവഴിക്കുക വഴി -അതാകട്ടെ 1930 ന് മുൻപായിരുന്നു എന്ന് ആദരവോടെ ഓർക്കുന്നു- കത്തോലിക്ക ചൈതന്യവും തീക്ഷ്ണതയും പ്രേഷിതാഭിമുഖ്യവും ആർജിച്ച ഒരു ബാല്യകൗമാരകാലം മനോമുകുരത്തിൽ തെളിയുന്നു. വേരുകൾ (Roots) വഴി പുത്തങ്കൂറുകാരനായിരിക്കവേ, ഫലങ്ങൾ വഴി കത്തോലിക്ക മിഷൻ ചൈതന്യം നേടിയ മൈക്കിൾ, പുനരൈക്യശില്പി മാർ ഈവാനിയോസ് തിരുമേനിയാൽ സ്ഥാപിതമായ ബഥനിസന്ന്യാസ സമൂഹത്തിൽ അംഗമായത്, തന്റെ തറവാട്ടു വീടായ പുതുശ്ശേരി, കല്ലൂപ്പാറ, കടമാങ്കളം, ചെങ്ങരൂർ പ്രദേശത്തുനിന്ന് ബഥനിയുടെ ഒന്നാം തലമുറക്കാരുടെ മാതൃകയും പ്രേരണയും സ്വാധീനവും വഴിയാകണം. 1952 ആഗസ്റ്റ് 24 ന്- മാർത്തോമ്മ ശ്ലീഹായുടെ ഭാരതപ്രവേശനത്തിന്റെയും വിശുദ്ധ ഫ്രാൻസീസ് സേവ്യർ എന്ന മഹാ പ്രേഷിതന്റെ ദേഹവിയോഗത്തിന്റെയും സംയുക്ത ജൂബിലി കേരള സഭ ആചരിച്ച വർഷ



www.malankaralibrary.com

ത്തിൽ- ശ്രീലങ്കയിലെ കാൻഡി പേപ്പൽ സെമിനാരിയിൽ നിന്ന് വൈദികനായി അഭിഷിക്തനായ ശേഷം, കേവലം ഒരു വ്യാഴവട്ടക്കാലം മാത്രം മലങ്കരസഭയിൽ പുനരൈക്യത്തിന്റെ ദീപശിഖ ഏറ്റുവാങ്ങി പ്രേഷിത- സന്ന്യാസ പ്രയാണം നടത്തി. അതേ, സ്നാപകനെപ്പോലെ തന്നെ മൈക്കിളച്ചനും കത്തിജ്വലിക്കുകയായിരുന്നു. അല്പസമയത്തേക്ക് ആ വിളക്ക് പുനരൈക്യപ്രസ്ഥാനത്തിന് പ്രകാശം പരത്തി. അധികാരികളും സഹപ്രവർത്തകരും കുടുംബാംഗങ്ങളും സ്നേഹിതരും ആ പ്രകാശത്തിൽ ആഹ്ലാദിച്ചു; ഏറെ പ്രതീക്ഷിച്ചു. ആറുപതിറ്റാണ്ടുകൾക്കപ്പുറത്ത് തൃശ്ശിനാപ്പള്ളിയിൽ നിന്ന് എം.എ ബിരുദം കരസ്ഥമാക്കി എന്നത് പഠനകുശലതയുടെയും ബുദ്ധിസാമർത്ഥ്യത്തിന്റെയും നിദർശനമാണ്.

തിരുവല്ല അതിരൂപതയുടെ തൃതീയമെത്രാനായിരുന്ന ഭാഗ്യസ്മരണാർഹനായ മാർ അത്തനാസിയോസ് പിതാവ് രൂപതയുടെ സാരഥ്യം ഏറ്റെടുത്ത് ഉടനെകേരളത്തിന്റെ വടക്കോട്ടും കിഴക്കോട്ടും പ്രേഷിത പ്രവർത്തനം വ്യാപിപ്പിച്ചു. മലബാർ മിഷന്റെ ചുക്കാൻ പിടിക്കുന്നവരിൽ ഒരാളായി ബഹുമാനപ്പെട്ട മൈക്കിൾ അച്ചനെനിയോഗിച്ചു എന്നത് അദ്ദേഹത്തിന്റെ മിഷൻ തീഷ്ണതയ്ക്ക് മകുടോദാഹരണമാണ്. 1964-ൽ ബോംബെയിൽ നടത്തപ്പെട്ട ഭാരതത്തിലെ പ്രഥമ ദിവ്യ കാരുണ്യ കോൺഗ്രസ്സിലെ ഡെലിഗേഷൻ അംഗമായി തെരഞ്ഞെടുക്കപ്പെട്ടു എന്നതും അദ്ദേഹത്തിന്റെ മികവിന്റെയും തീക്ഷണതയുടെയും പ്രാഗത്ഭ്യത്തിന്റെയും തെളിവുതന്നെ.

സന്ന്യാസി സഞ്ചരിച്ചും, നദി ഒഴുകിയും അതിന്റെ വിശുദ്ധി നിലനിർത്തുന്നു എന്ന പ്രസ്താവനയിലെ സത്യം പ്രകടമാകുംവിധം തന്റെ സമർപ്പിത ശുശ്രൂഷയിലെ ദ്വാദശ വർഷങ്ങൾ മലങ്കര കത്തോലിക്കസഭയുടെയും ബഥനി സന്ന്യാസ സഭയുടെയും പുനരൈക്യ പ്രസ്ഥാനത്തിന്റെയും ഉയർച്ചയ്ക്കും വളർച്ചയ്ക്കും വേണ്ടി എന്ന പോലെ ദൈവമഹത്വത്തിനു വേണ്ടിയും ബഹു. മൈക്കിൾ ഒ.ഐ.സി അച്ചൻ ചെയ്ത സഭാശുശ്രൂഷയും ദൈവസേവനവും തിരുവല്ല അതിരൂപത ആദരവോടു കൂടി ഓർക്കുന്നു. അദ്ദേഹത്തെപ്പോലെയൊരു മിഷനറിയെയും സന്ന്യാസിയെയും പ്രദാനം ചെയ്ത മഞ്ഞനാംകുഴി കുടുംബത്തിന് എന്നും അഭിമാനിക്കാം. അരനൂറ്റാണ്ട് മുമ്പ് നിത്യതയിലേക്ക് കടന്നുപോയി നമ്മുടെ ദൃഷ്ടിയിൽ നിന്ന് മറഞ്ഞുപോയ പൂർവ്വികനെമറക്കാത്ത പിന്തലമുറയ്ക്ക് അനുഗ്രഹം നേരുന്നു. ആ പാവനസ്മരണയുടെ മുമ്പിൽ നമുക്ക് ആദരപൂർവ്വം ആഞ്ജലികൾ അർപ്പിക്കാം.

"ആചാര്യേശാ-മിശിഹാ കൂദാശകളർപ്പിച്ചോ-
രാചാര്യന്മാർക്കേകുക പുണ്യം- നാഥാ സ്തോത്രം"

ശ്ലൈഹീകാശീർവ്വാദത്തോടെ,
മേരിഗിരി
20-12-2014

തോമസ് മാർ കൂറിലോസ്
മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പ്, തിരുവല്ല.



www.malankaralibrary.com

# ORDER OF THE IMITATION OF CHRIST

Post Bag No. 06 Vadavathoor P.O., Kottayam - 686 010, KERALA, INDIA
Tel. Ph: +91 481 2578494, 2571515, Fax: +91 481 2571057
E-mail : generalateoic@gmail.com

**FR. JOSE MARIADAS OIC**
SUPERIOR GENERAL



## ഓർമ്മകളിൽ ജീവിക്കുന്ന മൈക്കിളച്ചൻ

ബഥനിയുടെ ഒരു ബഹുമുഖ പ്രതിഭയായിരുന്നു ബഹു മൈക്കിൾ മഞ്ഞനാംകുഴി അച്ചൻ. പുനരൈക്യ പ്രസ്ഥാനം ആരംഭിക്കുന്നതിനുമുമ്പേ കത്തോലിക്കാ സഭയെ ആശ്ലേഷിച്ചവരായിരുന്നു അച്ചന്റെ മാതാപിതാക്കൾ. അങ്ങനെപൈതൃകമായി പകർന്നുകിട്ടിയ വിശ്വാസം അച്ചൻ ജീവിച്ചു; ത്യാഗപൂർവ്വം അതു പങ്കുവെച്ചു. കേവലം നാല്പതു വർഷം മാത്രമേ അദ്ദേഹം ഈ ലോകത്തു ജീവിച്ചിരുന്നുള്ളൂവെങ്കിലും ഒരു നൂറ്റാണ്ടിന്റെ കർമ്മശേഷികൊണ്ട് ധന്യമായിരുന്നു ആ ജീവിതം.

അന്നത്തെ വളരെ പ്രശസ്തമായ കാൻഡിപ്പേൽ സെമിനാരിയിൽ നിന്ന് വൈദിക പരിശീലനം പൂർത്തിയാക്കിയ മൈക്കിളച്ചനെവലിയ പ്രതീക്ഷടോടെയാണ് ബഥനി സമൂഹം ഉറ്റുനോക്കിയിരുന്നത്. തന്റെ ധീഷണാശക്തിയും കർമ്മശേഷിയും നേതൃപാടവവും സ്വഭാവ നൈർമ്മല്യവും നിമിത്തം ഒരു പുതിയ രൂപതയുടെ നേതൃസ്ഥാനത്തേക്ക് അനായാസം എതിരില്ലാതെ അദ്ദേഹം നിയോഗിതനാവുമെന്ന് പലരും കരുതി. സഭാ നേതൃത്വവും ആ വഴിക്ക് ചിന്തിച്ചിരുന്നു.

അക്കാലയളവിൽ ബിരുദാനന്തര ബിരുദധാരികായ വൈദികർ അധികം ഇല്ലാതിരിക്കെ തൃശ്ശിനാപ്പള്ളി സെന്റ് ജോസഫ് കോളേജിൽ നിന്ന് അദ്ദേഹം എം. എ. ബിരുദം കരസ്ഥമാക്കി. ഏതെങ്കിലും ഉന്നത വിദ്യാഭ്യാസസ്ഥാപനത്തിൽ അധ്യാപകനിയമനമൊ, എന്തെങ്കിലും ഉയർന്ന തസ്തികയോ ലഭിക്കാൻ ഒട്ടും ബുദ്ധിമുട്ട് അച്ചന് നേരിടേണ്ടി വരുമായിരുന്നില്ല. എന്നാൽ ഉന്നത സ്ഥാനമാനങ്ങളേക്കാൾ മൈക്കിളച്ചൻ ഇഷ്ടപ്പെട്ടത് പാവങ്ങളുടെ ശുശ്രൂഷയാണ്.

കുടിയേറ്റക്കാരുടെ പരാധീനതകളുടെ മധ്യത്തിലേക്ക് അച്ചൻ ഇറങ്ങിച്ചെന്നു. അവരുടെ നാവായി അച്ചൻ മാറി. അവരുടെ സ്വപ്നങ്ങൾ പൂവണിയിക്കാനും ആത്മാഭിബോധമുള്ള ഒരു ജനതയായി അവരെ മാറ്റാനും അച്ചൻ അഹോരാത്രം കഠിനമായി അധ്വാനിച്ചു. ജാതിമത ഭേദം കൂടാതെ അച്ചനെ ജനങ്ങൾ ആദരിച്ചു. അച്ചനോടുള്ള ആദര സൂചകമായി അവർ അച്ചനെമൈക്കാവ് പഞ്ചായത്ത് പ്രസിഡന്റായും സഹകരണസംഘം പ്രസിഡന്റായും തെരഞ്ഞെടുത്തു. കത്തോലിക്കാ സഭയുടെ ചരിത്രത്തിൽ ഒരു പക്ഷേ ആദ്യമായിട്ടായിരിക്കാം ഒരു വൈദികൻ ഇപ്രകാരം തെരഞ്ഞെടുക്കപ്പെടുന്നത്. ബഥനി

Personal Tel: +91 9495632144, E-mail:josemaridas@gmail.com



www.malankaralibrary.com

യുടെ ഏറ്റം ജനകീയനായ ഈ പുരോഹിത ശ്രേഷ്ഠന്റെ കഴിവുകളിൽ വിശ്വാസമർപ്പിച്ച് മലബാർ പ്രദേശത്തുള്ള മലങ്കര മക്കളുടെ അജപാലനശുശ്രൂഷയെപ്പറ്റിയുള്ള സ്ഥിതിവിവരണക്കണക്കുകൾ അവതരിപ്പിക്കുന്നതിന് മൈക്കിളച്ചനെറോം ചുമതലപ്പെടുത്തുകയുണ്ടായി. അച്ചന്റെ റിപ്പോർട്ടിനുള്ള അംഗീകാരമാണ് തിരുവല്ലാ രൂപതയുടെ അതിർത്തി വികസനവും പുതിയ ദേവാലയങ്ങൾ നിർമ്മിക്കാനുള്ള റോമിന്റെ അനുവാദവും.

ഇടവകയ്ക്കുള്ളിൽ ഒതുങ്ങുന്നതായിരുന്നില്ല അച്ചന്റെ പൗരോഹിത്യശുശ്രൂഷ. ആ പ്രദേശത്തിന്റെ മുഴുവൻ സാമൂഹികവും സാംസ്കാരികവുമായ ഉന്നമനത്തിന് അച്ചന്റെ ഭാവനാ പൂർണ്ണമായ പ്രവർത്തനങ്ങൾ ഇടയാക്കി.

അച്ചന്റെ സാഹസികവും ഔദാര്യപൂർണ്ണവുമായ പ്രവർത്തനത്തിന്റെ അടയാളമാണ് 1964- ൽ ബോംബെയിൽ വച്ചു നടന്ന ദിവ്യകാരുണ്യ കോൺഗ്രസിൽ പങ്കെടുക്കാൻ മലബാറിൽ നിന്നും ഒരു സംഘം കുടിയേറ്റക്കാരായ ആളുകളെ കൊണ്ടുപോയത്. അന്ന് അചിന്ത്യമായ ഒരു കാര്യമായിരുന്നു അത്. സഭ വരേണ്യവർഗ്ഗത്തിന്റേതു മാത്രമല്ലെന്ന ഓർമ്മപ്പെടുത്തലും സഭാപ്രവർത്തനത്തിൽ ആരും പിന്നോക്കം നിൽക്കരുതെന്ന ഉദ്ബോധനവുമായിരുന്നു അച്ചന്റെ പ്രവർത്തി.

അച്ചന്റെ മരണം ഒരർത്ഥത്തിൽ ബലിദാനമായിരുന്നു. ആരോഗ്യം വകവയ്ക്കാതെയുള്ള കഠിനാധ്വാനം മൈക്കിളച്ചനെക്ഷീണിതനാക്കി. ഏതു നേരത്തും ആർക്കും ശുശ്രൂഷ ചെയ്യാൻ അച്ചൻ പ്രകടിപ്പിച്ച ത്യാഗസന്നദ്ധതയാണ് അകാലത്തിൽ ആ ധന്യ ജീവിതം പൊലിയാൻ കാരണമായത്.

തലമുറകൾക്കു പ്രകാശം പകർന്ന ഈ പുണ്യാത്മാവിന്റെ ഓർമ്മകൾക്ക് മരണമുണ്ടാവില്ല.

**ഫാ: ജോസ് മരിയദാസ് ഒ.ഐ.സി**



www.malankaralibrary.com

# ARCHBISHOP BENEDICT MAR GREGORIOS MEMORIAL

## BETHANY DIVYAKARUNYALAYAM

BENEDICT MAR GREGORIOS NAGAR, KOTTOOR P.O., KAVIYOOR
PATHANAMTHITTA DIST., KERALA INDIA - 689582



Director
**Dr. Ignitus**

ബഹുമാനപ്പെട്ട മൈക്കിളച്ചനെആദ്യമായി ഞാൻ കാണുന്നത് 1948-ലാണ്. അന്നു ഞാൻ കറ്റാനം ആശ്രമത്തിൽ ഹൈസ്കൂൾ വിദ്യർത്ഥി. കാൻഡി സെമിനാരിയിൽ ഫിലോസഫി പഠനം കഴിഞ്ഞ് അവധിക്ക് നാട്ടിൽ വന്ന മൈക്കിൾ, ബഹു. ആൻഡ്രൂസ് ശെമ്മാശനോടൊപ്പം ആശ്രമ സന്ദർശനത്തിനെത്തി യതാണ്. സൂത്താറ പ്രാത്ഥനയുടെ "അത്യുന്നതന്റെ മറവിൽ" എന്ന സങ്കീർത്തനത്തിന്റെ സുറിയാനി ഭാഷ്യം - .യോസഫ് സേത്തോറെ - ആഘോഷമായി ഭക്തിപുരസ്സരം ചൊല്ലിയത് ഇന്നും എന്റെ ചെവികളിൽ മുഴങ്ങുന്നു. രൂപത്തിലും പെരുമാറ്റത്തിലും ആകർഷണീയനായ വ്യക്തി.

ഏതാനം വർഷങ്ങൾ കഴിഞ്ഞ് മൈക്കിളച്ചൻ തിരുവല്ല ആശ്രമത്തിന്റെ സുപ്പീര്യർ ആയിരിക്കുമ്പോൾ ഞങ്ങൾ പന്ത്രണ്ട് സന്യാസാർത്ഥികൾ ഒരു വർഷം അവിടെ പരിശീലനത്തിൽ ആയിരുന്നു. ഒരു പിതാവിന്റെ സ്നേഹവും കരുതലും ഒരു നല്ല ഗുരുവിന്റെ ശിക്ഷണവും ഞങ്ങൾക്ക് ലഭിച്ചു. അച്ചന്റെ പരിപാലനയിലായിരുന്ന ആ വർഷം വളരെ അനുഗ്രഹീതമായിരുന്നു.

ദൈവദാസന്മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ കത്തോലിക്കാ സഭാ പ്രവേശനത്തിന് വർഷങ്ങൾക്ക് മുമ്പ് മഞ്ഞനാംകുഴി പാപ്പി സാറിന്റെ കുടുംബം പുനരൈക്യപ്പെട്ടിരുന്നു. സഭാ ജീവിതത്തിൽ തീക്ഷ്ണതയുള്ളവരായിരുന്നു അച്ചന്റെ മാതാ പിതാക്കൾ. അതിനാൽ ബാല്യം മുതൽ കത്തോലിക്കാ സഭാ ജീവിതത്തിൽ ഉത്സാഹമുള്ളവനായി വളർത്തപ്പെട്ടു. സന്യാസ ജീവിതത്തിലൂടെ പൗരോഹിത്യത്തിനുള്ള ദൈവവിളി തിരിച്ചറിയുവാൻ ഇതു സഹായകമായി.

ബഥനിയിൽ അതിഥിയായി പ്രവേശിച്ച അച്ചന്, ബഥനിയുടെ ആദ്യ ചൈതന്യത്തിൽ ജീവിച്ച ഗുരുക്കന്മാരുടെ ശിക്ഷണം ലഭ്യമായി. തുടർന്ന് കാൻഡി പേപ്പൽ സെമിനാരിയിലെ മഹത്തായ പരിശീലനവും, അച്ചനെശ്രേഷ്ഠനായ ഒരു സന്യാസ വൈദികനായി ഉയർത്തി.

ഉന്നത വിദ്യാഭ്യാസം, സന്യാസനിഷ്ഠ, എന്തുത്യാഗം സഹിച്ചും ലക്ഷ്യം നേടുന്നതിനുള്ള നിശ്ചയദാർഢ്യം ഇവയൊക്കെ അച്ചന്റെ ജീവിതം ദൈവത്തിനും തന്റെ ജനത്തിനും പ്രീതിയുള്ളതാക്കി തീർത്തു.

*Director :* Rev.Dr. Ignatius Thangalathil OIC, Bethany Ashram, Kaviyoor - 689582
Mob : 9847052821, 9496551514



www.malankaralibrary.com

മലങ്കര കത്തോലിക്കാ സഭയുടെ പ്രവർത്തനമേഖല തിരുകൊച്ചിയുടെ അതിർത്തിയൽ മാത്രമായിരുന്നു. കുടിയേറ്റ പ്രദേശമായിരുന്ന മലബാറിൽ ചിതറിപാർത്തിരുന്ന മലങ്കര വിശ്വാസികൾക്ക് അവരുടെ വൈദീകരുടെ ശുശ്രൂഷ ലഭ്യമായിരുന്നില്ല. 1953-ൽ പൗരസ്ത്യ തിരുസംഘത്തിന്റെ അദ്ധ്യക്ഷനായിരുന്ന അത്യുന്നത കർദ്ദിനാൾ യൂജിൻ ടിസറാന്റ് മലങ്കരയിൽ സന്ദർശനം നടത്തി. തിരുവല്ല രൂപതാദ്ധ്യക്ഷൻ മാർ സേവേറിയോസ് മെത്രപ്പൊലീത്താ മലങ്കരസഭയുടെ പ്രവർത്തനമേഖല മലബാർ കൂടെ ആക്കുന്നതിന് അപേക്ഷിച്ചു. താമസം കൂടാതെ അനുവാദം ലഭിച്ചു. രൂപതാദ്ധ്യക്ഷൻ മൈക്കിളച്ചനെആ പ്രദേശത്തെ മലങ്കര വിശ്വാസികളുടെ സ്ഥിതിവിവര കണക്ക് ക്രമീകരിക്കുന്നതിന് നിയോഗിച്ചയച്ചു. ഏകദേശം ഒരു ദശാബ്ദത്തോളം അച്ചൻ അവിടെ ശുശ്രൂഷ ചെയ്ത് മലങ്കര സഭയ്ക്ക് മലബാറിൽ അടിസ്ഥാനമുറപ്പിച്ചു.

ആത്മാവും ശരീരവും ചേർന്നതാണ് മനുഷ്യൻ എന്നും സമൂഹത്തിന്റെ അഭിവൃദ്ധിക്ക് ആത്മീയതയോടൊപ്പം ഭൗതിക വികസനവും ആവശ്യമെന്നു ബോദ്ധ്യമുണ്ടായിരുന്ന അച്ചൻ വളരെയേറെ വികസനപ്രവർത്തനങ്ങൾ ചെയ്തു. നേതൃത്വം കൊടുത്ത അച്ചനെജനം ഏറെ സ്നേഹത്തോടും ബഹുമാനത്തോടും സ്വീകരിച്ചു.

എത്രനാൾ ജീവിച്ചുവെന്നതല്ല, ദൈവം തന്ന ആയുസ്സ് എത്ര നന്നായി പ്രയോജനപ്പെടുത്തി എന്നതാണ് ജീവിതവിജയത്തിന്റെ മാനദണ്ഡം. സ്വാർത്ഥത ഇല്ലാതെ സേവ ചെയ്തു. സ്വന്തം ആരോഗ്യം പോലും പരിഗണിക്കാതെ അന്ത്യം വരെ കഠിനാദ്ധ്വാനം ചെയ്തു. ദൈവസ്നേഹം അളവ് കൂടാതെ പകർന്നു കൊടുത്ത ഈ സന്യാസ വൈദിക ശ്രേഷ്ഠൻ സ്വർഗ്ഗം പൂകിയിട്ട് അൻപത് വർഷം തികയുന്നു.

സ്വർഗ്ഗപിതാവിന്റെ സന്നിധിയിലേക്ക് സഭയ്ക്ക് മുഴുവനും വേണ്ടി മദ്ധ്യസ്ഥം ചെയ്യുന്ന പുണ്യ പുരോഹിതന്റെ ഓർമ്മ നിലനിർത്തുന്നതിനു വേണ്ടി പ്രസിദ്ധീകരിക്കുന്ന സ്മരണികയുടെ പിന്നിൽ പ്രവർത്തിക്കുന്ന എല്ലാവർക്കും അഭിനന്ദനങ്ങൾ. ഓർമ്മകളും ബന്ധങ്ങളും ലോലമാകുന്ന ഈ കാലഘട്ടത്തിൽ സഭയുടെ വളർച്ചയിൽ സഹായിച്ചിട്ടുള്ളവരെക്കുറിച്ചുള്ള ഓർമ്മ നഷ്ടപ്പെടാതിരിക്കുന്നതിന് ഈ പ്രസിദ്ധീകരണം സഹായിക്കും. നന്ദി ആശംസകൾ..

'നാം ദൈവസുതന്മാരാവാൻ,<br>ആയുഷ്കാലത്തിൽ ചൊല്ലി<br>തന്നതാതയോർക്കേണം'

REV. DR. IGNATIUS THANGALATHIL O.I.C



www.malankaralibrary.com

# ഞങ്ങളുടെ ഓർമ്മകളിലെ മൈക്കിളച്ചൻ !



സിസ്റ്റർ - ക്ലെമന്റിനാ S.I.C
സിസ്റ്റർ - ക്രിസ്റ്റീന S.I.C

മൈക്കിളച്ചൻ മൈക്കാവിൽ ആയിരുന്ന അവസരത്തിൽ അച്ചന്റെ കൂടെ അവിടെ പ്രേഷിത പ്രവർത്തനത്തിൽ സഹായിക്കാൻ ഭാഗ്യം ലഭിച്ചവരാണ് ഞങ്ങൾ രണ്ടുപേരും. അവിടെ വേളംങ്കോട് എന്ന സ്ഥലത്ത് സ്ക്കൂളിൽ ഞങ്ങൾ അധ്യപികമാരായിരുന്നു. ആ സ്കൂൾ ഓർത്തഡോക്സ് സഭയുടെ കൈവശത്തുനിന്നും വാങ്ങിയതായിരുന്നു. അച്ചൻ ആ നാട്ടിലെ എല്ലാ പൊതുപ്രവർത്തനത്തിലും ഏർപ്പെട്ടിരുന്നു. പൊതുവേദികളിൽ പ്രാസംഗകനും ആയിരുന്നു. അച്ചന്റെ യാത്ര ഒരു മോട്ടോർ ബൈക്കിലായിരുന്നു. അന്ന് വാഹനങ്ങൾ തീരെക്കുറവായിരുന്ന ഒരു കാലഘട്ടം ആയിരുന്നു. അച്ചന്റെ ബൈക്കിന്റെ ശബ്ദം കേൾക്കുമ്പോൾ കുട്ടികൾ ക്ലാസ്സ് മുറിയിൽ നിന്നും ഇറങ്ങി ഓടി പോകുമായിരുന്നു അതു കാണാൻ. അച്ചൻ വരുമ്പോൾ ഒരു മഹാരാജാവിന് കൊടുക്കുന്ന സ്വീകരണം ആയിരുന്നു നാട്ടുകാർ നൽകിയിരുന്നത്. അന്നത്തെ ഞങ്ങളുടെ ജീവിത സാഹചര്യം വളരെ ദുഷ്കരം ആയിരുന്നു. ഭക്ഷണത്തിനും മറ്റും ഒത്തിരി ക്ലേശം അനുഭവിക്കേണ്ടി വന്നു.

ആക്കാലത്ത് അന്തർദ്ദേശീയ കത്തോലിക്കാ കോൺഗ്രസ്സ് സമ്മേളനത്തിൽ പങ്കെടുക്കാൻ വേണ്ടി ബോംബെയിലേക്ക് ഞങ്ങൾ അഞ്ച് കർമ്മലീത്താ സിസ്റ്റേഴ്സും ക്രിസ്റ്റീനസിസ്റ്ററും അച്ചനോടൊപ്പം യാത്രതിരിച്ചു. ധാരാളം ചുമതലകൾ അച്ചനിൽ നിഷിപ്തം ആയിരുന്നു. അവിടുത്തെ സമ്മേളനം കഴിഞ്ഞ് ഗോവവഴി ആണ് തിരിച്ച് വന്നത്. ഗോവയിൽ വി: ഫ്രാൻസിസ് സേവ്യറുടെ കബറിടം സന്ദർശിച്ചു.

യാത്രാമദ്ധ്യേ വളരെ ക്ഷീണിതനായി ഗോവയിലേക്ക് ഞങ്ങളോടൊപ്പം യാത്ര ചെയ്തിരുന്ന ബഹു. മൈക്കിളച്ചന് അവസാനകാലയളവിൽ അദ്ദേഹത്തെ സ്നേഹസ്വരുപനായ യേശു തമ്പുരാൻ കൂടുതൽ കൂടുതൽ പരീക്ഷണങ്ങൾ നൽകിയതിന്റെ ഉത്തമ ദൃഷ്ടാന്തമാണ് അച്ചനിൽ നിന്നും അത്യാവശ്യത്തിനു വേണ്ടി കൈയ്യിൽ സൂക്ഷിച്ചിരുന്ന പണം മോഷ്ടിക്കപ്പെട്ടത്. എന്നിട്ട് പോലും ദൈവവിശ്വാസത്തിന്റെ ഉറവിടമായ അച്ചനിൽ അത് അല്പം പോലും മാനസിക സംഘർഷം ഉണ്ടാക്കിയില്ല. ഗോവയിൽ വിശുദ്ധ കുർബ്ബാനഅർപ്പിക്കുകയും ചെയ്തു. അതായിരുന്നു അദ്ദേഹത്തിന്റെ അവസാനതിരുബലി അർപ്പണമെന്ന് ആരും അറിഞ്ഞില്ല. ക്ഷീണിതനായിരുന്നെങ്കിലും അതൊന്നും വകവെയ്ക്കാതെ അദ്ദേഹം



www.malankaralibrary.com

കോഴിക്കോട്ടേയ്ക്ക് യാത്ര തിരിച്ചു. മൈക്കാവിലുള്ള മഠത്തിൽ എത്തിയപ്പോഴേക്കും അച്ചൻ വളരെയധികം പരിക്ഷീണിതനായിരുന്നു. അന്ന് അവിടെ കിടന്നു. രാവിലെ കുർബ്ബാനക്കു പോകാനായി ശ്രമിച്ചുവെങ്കിലും അച്ചന്റെ ശാരീരിക അസ്വസ്ഥത കൊണ്ട് അതിനു കഴിഞ്ഞില്ല. അച്ചന്റെ അവസ്ഥ കണ്ട് സിസ്റ്റർ ത്രിസ്താ സുപ്പീരിയറായിരുന്ന സിസ്റ്റർ ആനിനെവിളിച്ചു വരുത്തി. ഇതറിഞ്ഞ് ഇടവകാംഗങ്ങളും ഓടികൂടി. ഈ അവസരത്തിൽ പി. ഓ. ലാസർ അച്ചന്റെ സാന്നിദ്ധ്യം വിസ്മരിക്കാൻ ആവില്ല. ഓർത്തഡോക്സ് സഭയിൽ നിന്നും കത്തോലിക്കാ സഭയിലേക്ക് ചേർന്ന അച്ചനായിരുന്നു ലാസർ അച്ചൻ. അച്ചനെആളയച്ചു വിളിപ്പിച്ചു. അച്ചന്റെ അടുക്കൽ മൈക്കിളച്ചന്റെ അവസാനകുമ്പസാരം നടത്തി. അതിനുശേഷം അച്ചനും കൂടി ചേർന്നാണ് മേരിക്കുന്ന് ആശുപത്രിയിൽ കൊണ്ടുപോയത്. ജീപ്പ് വരുത്തി അച്ചനെകയറ്റി, ജീപ്പ് ചങ്ങാടത്തിൽ കയറ്റിയാണ് അക്കരെ എത്തിച്ചത്. ആശുപത്രിയിൽ ചെന്നപ്പോൾ ആദ്യം അത്ര നല്ല പരിചരണം ലഭിച്ചില്ല. പിന്നീട് നാട്ടുകാരും ഇടവകക്കാരും ഓടിക്കൂടിയപ്പോഴാണ് ഇദ്ദേഹം ഒരു ഉന്നതനായ വ്യക്തി ആണെന്ന് മനസ്സിലാക്കി കൂടുതൽ പരിചരണങ്ങൾ നൽകിയെങ്കിലും അപ്പോഴത്തേക്ക് അദ്ദേഹത്തിന്റെ സ്ഥിതി വളരെ മോശമായി കഴിഞ്ഞിരുന്നു. നാലഞ്ച് ദിവസം മാത്രമേ അദ്ദേഹം ആശുപത്രിയിൽ കഴിഞ്ഞുള്ളു അപ്പോഴത്തേക്ക് അദ്ദേഹത്തിന്റെ നില ഗുരുതരമായി. 1964 ഡിസംബർ മാസം 18-ാം തീയതി മൈക്കിളച്ചൻ ദൈവസന്നിധിയിലേക്ക് എടുക്കപ്പെട്ടു. അവിടെ നിന്ന് അദ്ദേഹത്തിന്റെ ഭൗതിക ശരീരം തിരുവല്ലായിലേക്ക് അവിടുത്തെ ഇടവകക്കാരും നാട്ടുകാരും യാത്രയാക്കി. ഭൗതിക ശരീരത്തോടൊപ്പം ഫാദർ. പി. യു. ലാസർ, സിസ്റ്റർ. ത്രിസ്താ, സിസ്റ്റർ. ആൻ, സിസ്റ്റർ ജെമ്മായും കൂടെ പോന്നു. അച്ചന്റെ ഞങ്ങളെ കുറിച്ചുള്ള സ്നേഹ വാത്സല്യങ്ങളും കരുതലും, ഇന്നും ഞങ്ങളുടെ ഹൃദയത്തിൽ നിറഞ്ഞ് നിൽക്കുന്ന വ്യക്തിത്വം ആണ് മൈക്കിളച്ചൻ. ആ പുണ്യാത്മാവിന്റെ ആത്മാവിനു വേണ്ടി പ്രാർത്ഥിച്ചുകൊണ്ട് ദൈവസന്നിധിയിൽ കണ്ടുമുട്ടാമെന്ന പ്രത്യാശയോടെ...!

സിസ്റ്റർ - ക്ലെമന്റിനാ S.I.C

സിസ്റ്റർ - ക്രിസ്റ്റീനS.I.C



www.malankaralibrary.com

# സ്നേഹ പ്രാർത്ഥന അനുസ്മരണം



വി. ജോർജ് ഇരുമേട

ഭാഗ്യസ്മരണാർഹരായ ദൈവദാസൻമാർ ഈവാനിയോസ് ബഥനി മെത്രാപ്പരൊലീത്തായും, മാർ തെയോഫീലോസ് ബഥനി എപ്പിസ്കോപ്പായും, റവ. ഫാദർ ജോൺ ഒ.ഐ.സി ബഥനി വൈദികനും, റവ. ഡിക്കൺ സെറാഫിയോൻ ഒ.ഐ.സി ബഥനി ശെമ്മാശ്ശനും, ബഥനി ചാക്കോച്ചൻ എന്ന അൽമായ സഹോദരനും കൂടി 1930 സെപ്റ്റംബർ 20-ാം തീയതി സമാരംഭിച്ച മലങ്കര സഭാ പുനരൈക്യ പ്രസ്ഥാനത്തിന്റെ ആദ്യ സംരംഭമായ കല്ലൂപ്പാറ കടമാൻകുളം തിരുഹൃദയ കത്തോലിക്കാപ്പള്ളിയുടെ വികാരിയായിരുന്ന ബഹു. ജോൺ ഒ.ഐ.സി. അച്ചൻ തിരുവല്ല ബഥനി ആശ്രമത്തിൽനിന്ന് സൈക്കിൾ ചവിട്ടിവന്ന്, ചെങ്ങരൂർ സെന്റ് ജോർജ് മലങ്കര കത്തോലിക്കാ പള്ളിയുടെ സ്ഥാപക നേതാക്കളിൽ ഒരാളായ കിളിച്ചുമലയിൽ കൊച്ചുപാപ്പി (പെരുമ്പ്രാൽ ശ്രീ. പി.റ്റി. ഏബ്രഹാം) യുടെ ഭവനത്തോട് ചേർന്ന് നിർമ്മിച്ച ചാപ്പലിൽ ഞായറാഴ്ച കുർബാനഅർപ്പിക്കുകയും, ദിവസവും അനേകം വീട്ടുകാരെ കത്തോലിക്കാ സഭയിലേക്ക് ചേർക്കുകയും ചെയ്തു. ബഹു. ജോൺ അച്ചന്റെ ജീവിത വിശുദ്ധിയും, മാതൃകാ ജീവിതവും കണ്ട് ബഹു. മഞ്ഞനാംകുഴി പാപ്പിസാറിന്റെ മകൻ ബേബി (റവ. ഫാദർ മൈക്കിൾ ഒ.ഐ.സി) യും, കിളിച്ചിമല പെരുമ്പ്രാൽ കൊച്ചിട്ടി തോമസ് സാറിന്റെ മകൻ ബേബി (റവ. ഫാദർ ജേക്കബ് ഒ.ഐ.സി) യും തിരുവല്ല ബഥനി ആശ്രമത്തിൽ ചേർന്നു.

ബഹു. പവ്വത്തിക്കുന്നേൽ ചെറിയാനച്ചൻ പുത്തൻ കുർബ്ബാനചൊല്ലിയപ്പോൾ ഞങ്ങളും, ഞങ്ങളുടെ മാതാ പിതാക്കളോടൊപ്പം കത്തോലിക്കാ സഭയിൽ സ്വീകരിക്കപ്പെട്ടു. അന്നുമുതൽ ബഹു. മൈക്കിൾ അച്ചനും, ബഹു. ജേക്കബ് അച്ചനുമായി ബന്ധപ്പെട്ടു തുടങ്ങി. ഞങ്ങൾ സൺഡേ സ്കൂൾ ക്ലാസുകളിൽ ഒന്നിച്ചു പഠിച്ചു എങ്കിലും ബഥനി ആശ്രമത്തിൽ ചേർന്ന അവർ മേജർ സെമിനാരികളിൽ പഠിക്കുന്നതിനുപോയി. അവധിയ്ക്ക് വരുമ്പോൾ എല്ലാം ഞങ്ങളെ സന്ദർശിച്ച് പ്രാർത്ഥിച്ചുകൊണ്ടിരുന്നു എന്നത് ഞങ്ങൾക്ക് ഒരിക്കലും മറക്കാൻ സാധിക്കുകയില്ല.

ബഹു. മൈക്കിളച്ചൻ അന്നത്തെ തിരുവല്ലാ രൂപതയുടെ മലബാർ ഭാഗത്തേക്ക് സുവിശേഷ വേലയ്ക്ക് പോയി. കുടിയേറ്റ മേഖലയിലെ കുടുംബങ്ങൾക്കുവേണ്ടി അദ്ധ്വാനിച്ചുകൊണ്ടിരിക്കെ,



www.malankaralibrary.com

ബോംബെയിൽ നടന്ന ദിവ്യ കാരുണ്യ കോൺഗ്രസിൽ സംബ ന്ധിച്ച ശേഷം തിരിച്ചുവന്നപ്പോൾ ടൈഫോയിഡ് ബാധിച്ച് കർത്തൃ സന്നിധിയിലേക്ക് വിളിയ്ക്കപ്പെട്ടു. അദ്ദേഹം തുടർന്ന് ജീവിച്ചിരു ന്നെങ്കിൽ ബത്തേരി ബിഷപ്പായിട്ടും, ഉന്നത സ്ഥാനങ്ങളിലേക്കും വിളിക്കപ്പെടാമായിരുന്നു.

ഇന്ന് ബഹു അച്ചന്റെ പ്രാർത്ഥനകൈക്കൊണ്ട്, ബഹുമാന പ്പെട്ട മൈക്കിൾ അച്ചന്റെ സഹോദര പുത്രനും എന്റെ വത്സല ശിഷ്യ നുമായ മഞ്ഞനാംകുഴി ഡോ. സഖറിയാസ് മാർ തെയോഫിലോസ് തിരുമേനി മലബാർ ഭദ്രാസനമെത്രാപ്പൊലീത്താ എന്ന നിലയിൽ മലങ്കര ഓർത്തഡോക്സ് സുറിയാ നി സഭയിൽക്കൂടെ ദൈവത്തെ മഹത്വപ്പെടുത്തിക്കൊണ്ടിരിക്കുന്നു എന്നതിൽ ഏറ്റവും നന്ദിയോടെ സർവ്വശക്തനെസ്തുതിക്കുകയും സർവ്വർക്കും വേണ്ടി പ്രാർത്ഥിക്കു കയും ചെയ്തുകൊള്ളുന്നു

വിനീതവിധേയൻ
**വി.ജോർജ് ഇരുമേട**
(തിരു സഭാതനയൻ)



www.malankaralibrary.com

## മൈക്കിളച്ചന്റെ മാതാപിതാക്കൾ



പാപ്പി സാർ & അന്നമ്മ

## മൈക്കിളച്ചന്റെ സഹോദരീ/സഹോദരന്മാർ



Marykutty



Late Mr. M A John



Late Mr. M.A. Joseph



Late Mr.M.A. Abraham




Ponnamma



www.malankaralibrary.com

മൈക്കിളച്ചൻ മാതാപിതാക്കളോടൊപ്പം



മൈക്കിളച്ചന്റെ ഭൗതികശരീരം ചെങ്ങരൂർ പള്ളിയിൽ





www.malankaralibrary.com

# സന്ന്യാസി ശ്രേഷ്ഠന്റെ സമർപ്പണ ജീവിതം



**ജോർജ്ജ് കുട്ടി,** മഞ്ഞനാംകുഴിയിൽ

കല്ലൂപ്പാറ ഗ്രാമ പഞ്ചായത്തിൽ പുതുശ്ശേരി മുവക്കോട്ട് മഞ്ഞനാം കുഴിയിൽ ചാണ്ടി എന്ന വല്യപ്പച്ചന്റെ രണ്ടാമത്തെ മകൻ പാപ്പി എന്നു വിളിപ്പേരുള്ള എബ്രഹാമിന്റെയും കല്ലൂപ്പാറ പേരാലുംമൂട്ടിൽ അഴക നാൽ അന്നമ്മയുടെയും മൂത്തപുത്രനായി 1924 ജൂലൈ 3 നു ജനിച്ചു. കുഞ്ഞിനു ബേബി എന്ന ഓമനപ്പേരു വിളിച്ചു, മാമോദീസ സ്വീകരിച്ച അവസരത്തിൽ അലക്സാണ്ടർ എന്ന പേരാണ് ശിശുവിനു നൽകപ്പെട്ടത്.

പാപ്പി എന്ന എബ്രഹാം മലയാളം ഒമ്പതാം ക്ലാസ് വരെ പഠിച്ചതിനോടൊപ്പം ഇംഗ്ലീഷ് 6th Forum - ഉം പാസ്സായി. സീറോ മലബാർ മാനേജ്മെന്റിന്റെ കീഴിലുള്ള തൊടുപുഴ, മീനച്ചിൽ, പാലാ എന്നീ സ്ഥലങ്ങളിൽ അധ്യാപകനായി 42 വർഷത്തോളം സേവനം അനുഷ്ഠിച്ചിരുന്നു. ദീർഘകാലം പ്രധാനഅധ്യാപകനായും പ്രവർത്തിച്ചിരുന്നു.

ആദ്യകാലങ്ങളിൽ അദ്ദേഹം ഭാര്യ അന്നമ്മയോടൊപ്പം ജോലി സ്ഥലങ്ങളിൽ താമസിച്ചിരുന്നു. ആ കാലഘട്ടത്തിൽ മൂത്ത മകൻ ബേബിയും (മൈക്കിൾ അച്ചൻ) രണ്ടാമത്തെ മകൾ മേരിക്കുട്ടിയും (കുഞ്ഞമ്മ) മൂന്നാമത്തെ മകൻ ജോണും (പാപ്പച്ചൻ) ജനിച്ചു. കുട്ടികൾ മൂവരുടെയും വിദ്യാഭ്യാസം അവിടങ്ങളിലായിരുന്നു.

അക്കാലത്ത് കുടുംബക്കാർ എല്ലാവരും തന്നെ യാക്കോബായ സഭയിൽ കൂടിവരുന്ന അവസരമായിരുന്നു, എന്നാൽ അദ്ദേഹം ജോലി ചെയ്തിരുന്ന സ്ഥലങ്ങളിലൊക്കെയും ഭൂരിപക്ഷം ആളുകളും സീറോ മലബാർ സഭയിൽ ഉള്ളവരായിരുന്നു. അക്കാലത്ത് ബഹുമാനപ്പെട്ട ഫാദർ പ്ലാസിഡ് പൊടിപ്പാറ സി.എം.ഐ യുമായി അടുക്കാനിടയാവുകയും തൽഫലമായി അദ്ദേഹം സീറോ മലബാർ സഭയുമായി പുനരൈക്യപ്പെടുകയും ചെയ്തു.

അക്കാലത്ത് ഭാര്യ അന്നമ്മയെയും മൂന്ന് മക്കളെയും കുടുംബത്തിലേക്ക് മാറ്റി താമസിപ്പിക്കുവാൻ പിതാവുമായി കൂടി ആലോചിച്ച്, പിതൃസ്വത്തിൽ നിന്നും തനിക്ക് ലഭിച്ച സ്ഥലത്ത് ഒരു ഭവനം പണിയുവാൻ തീരുമാനിച്ചു. പിതാവിന്റെ മേൽ നോട്ടത്തിൽ പണി ആരംഭിക്കുകയും അദ്ദേഹം ഇടയ്ക്കിടയ്ക്ക് വന്നു വേണ്ട സഹായം ചെയ്യുകയും ചെയ്തിരുന്നു. അങ്ങനെപണി പൂർത്തിയായി ഭാര്യ അന്നമ്മയെയും മൂന്നു മക്കളെയും മഞ്ഞനാംകുഴി കുടുംബാംഗങ്ങളോടൊപ്പം പുതിയ വീട്ടിൽ താമസമാക്കുകയും ചെയ്തു. പുതിയ വീടിനു മഞ്ഞനാം കുഴിയിൽ പുത്തൻപുരയിൽ എന്ന പേര് ലഭിച്ചു. അതിനുശേഷം ബേബിയെ മല്ലപ്പള്ളി സി.എം.എസ് ഹൈസ്ക്കൂളിൽ വിട്ടു പഠിപ്പിച്ചു.



www.malankaralibrary.com

അക്കാലത്ത് ചെങ്ങരൂർ മലങ്കര കത്തോലിക്ക പള്ളിയുടെ പണി പൂർത്തിയാകാൻ താമസിച്ചിരുന്ന സാഹചര്യത്തിൽ കിളിച്ചുമല പെരുമ്പ്രാൽ കൊച്ചു പാപ്പി എന്നയാളുടെ (കിളിച്ചുമല ജേക്കബ് അച്ചന്റെ മൂത്ത സഹോദരൻ) പുരയിടത്തിൽ ഒരു ചാപ്പൽ പണിതുയർത്തിയിരുന്നു, അവിടെയാണ് വിശുദ്ധ കുർബാനനടന്നുവന്നിരുന്നത്. ഈ കാലയളവിലാണ് പാപ്പി സാറും കുടുംബവും സീറോ മലങ്കര കത്തോലിക്ക സഭയിലേക്ക് ഐക്യപ്പെട്ടത്. 1938-ൽ ആണ് ചെങ്ങരൂർ മലങ്കര കത്തോലിക്ക ഇടവക നിലവിൽ വന്നത്.

മലങ്കര കത്തോലിക്ക സഭയ്ക്ക് 1930 സെപ്റ്റംബറിൽ പുനരൈക്യപെട്ടപ്പോൾ ദൈവദാസൻ മാർ ഇവാനിയോസ് പിതാവിനോടൊപ്പം അന്നു വളരെ ചുറുചുറുക്കോടെ കൂടെ ഉണ്ടായിരുന്ന, നിത്യതയിലേക്ക് ഉയർത്തപ്പെട്ട ബഹുമാനപ്പെട്ട ജോൺ അച്ചൻ ആയിരുന്നു ചെങ്ങരൂർ ഇടവകയിലെ ആദ്യ വികാരി. അച്ചൻ സൈക്കിൾ ചവിട്ടിയും കാൽനടയായും എല്ലാ ഭവനങ്ങളിലും സന്ദർശിച്ചിരുന്നു. വളരെ ത്യാഗമനോഭാവവും സ്നേഹമശ്യണവുമായ് സമീപനമായിരുന്നു അദ്ദേഹത്തിന്റേത്. അദ്ദേഹത്തിന്റെ സ്നേഹവാത്സല്യങ്ങൾ അനുഭവിക്കുവാനുള്ള ഭാഗ്യം എനിക്കും ഉണ്ടായിട്ടുണ്ട്.

ഏതായാലും ഇനി ഉള്ള കുറേ ഭാഗങ്ങൾ വളരെ വിശുദ്ധിയിലും താഴ്മയിലും, സ്നേഹത്തിന്റെ ഉറവിടവുമായി നമ്മോടൊപ്പം ദീർഘകാലം ജീവിച്ച് അടുത്ത സമയത്ത് സ്വർഗ്ഗ പ്രാപ്തനായ നമുക്ക് ഏറ്റവും അഭിമാനമായിരുന്ന കിളിച്ചുമല ജേക്കബ് അച്ചന്റെ ആത്മാവിനോട് കടപ്പെട്ടുകൊണ്ട് അദ്ദേഹം ബഹുമാനപ്പെട്ട മൈക്കിൾ അച്ചനെക്കുറിച്ച് എഴുതിയിട്ടുള്ളതും പങ്കുവച്ചിട്ടുള്ളതുമായ ഭാഗങ്ങൾ ഞാനിവിടെ കുറിക്കുന്നു.

"ചെങ്ങരൂർ മലങ്കര കത്തോലിക്കാ ഇടവകയിൽ നിന്നും ആദ്യം ബഥനി ആശ്രമത്തിൽ ചേർന്ന് സന്യാസി വൈദികരാകുന്നത് മഞ്ഞനാംകുഴിയിൽ ബഹു. മൈക്കിളച്ചനും ഞാനും ആണ്. ഞങ്ങൾ പഠിച്ചുകൊണ്ടിരുന്നപ്പോൾ എല്ലാ ശനിയാഴ്ചയും വൈകിട്ട് ബഹുമാനപ്പെട്ട ജോണച്ചനു കൂട്ടായി പുതിയ ചാപ്പലിൽ വന്നിരുന്നു. ചാപ്പലിന്റെ കിഴക്കു വശത്തുള്ള ഒരു വലിയ മുറിയിലാണ് ഞങ്ങൾ കിടന്നിരുന്നത്. ബഹു. ജോണച്ചൻ ഒരു കട്ടിലിലും ഞങ്ങൾ നിലത്ത് പായ വിരിച്ചും കിടന്നിരുന്നു. ഞങ്ങൾ ചെറുപ്പമായിരുന്നതു കൊണ്ട് കിടന്നാലുടൻ ഉറങ്ങിപോകും. ബഹു. ജോണച്ചൻ എപ്പോഴാണ് കിടന്നുറങ്ങുന്നതെന്ന് അറിയാനുള്ള ആകാംക്ഷ കൊണ്ട് ഞങ്ങൾ അന്നു ഉറങ്ങാതെ കിടന്നു. അച്ചൻ മദ്ബഹായിൽ പ്രവേശിച്ചു ഞങ്ങൾ ഒളിഞ്ഞു നോക്കിയപ്പോൾ കണ്ടത് അച്ചൻ ബലിപീഠത്തിന്റെ മുമ്പിൽ മുട്ടുകുത്തി കൂപ്പുകൈകളോടെ ധ്യാനനിമഗ്ധനായി പ്രാർത്ഥിക്കുന്നതായിട്ടാണ്. ഞങ്ങൾ തിരിച്ചുവന്നു കിടന്ന് കുറച്ചു സമയം കൂടി കാത്തിട്ടും ബഹുമാനപ്പെട്ട അച്ചൻ തിരികെ എത്തിയില്ല, ഞങ്ങൾ ഉറങ്ങിപ്പോയി, എപ്പോഴാണ് പ്രാർത്ഥനകഴിഞ്ഞ് എത്തിയതെന്ന് അറിഞ്ഞില്ല. രാത്രിയുടെ യാമങ്ങളിൽ ദീർഘനേരം അദ്ദേഹം പ്രാർത്ഥിച്ചു കാണും. ആ



www.malankaralibrary.com

സംഭവം ഞങ്ങൾക്ക് ദിവ്യ പ്രചോദനം ഉളവാക്കി. അച്ചൻ ആവുകയാണെങ്കിൽ ജോണച്ചനെപോലെ ഉള്ള ഒരച്ചനാകണം എന്ന ചിന്തയാണ് ഞങ്ങൾക്കുണ്ടായത്. യേശുവിനോട് കൂടി ആയിരുന്നതു കൊണ്ടുള്ള സുവിശേഷ പ്രഘോഷണവും ശുശ്രൂഷയും എല്ലാം ക്രമേണ ഞങ്ങളുടെ ചിന്തയിൽ വന്നു."

ഈ കാലയളവിൽ ബഹു. പാപ്പി സാർ തന്റെ അധ്യാപകവൃത്തിയിൽ വ്യാപ്തനായിരുന്നു. ജോലി സ്ഥലത്തു തന്നെ താമസിക്കുകയും 1,2 ആഴ്ചകൾ ചേർന്നിരിക്കുമ്പോൾ മാത്രം കുടുംബത്തിലേക്ക് വരികയും ചെയ്തിരുന്നു. അന്ന് തന്റെ കുടുംബവീടുള്ള പുതുശ്ശേരിയിൽ വരുന്നതും തിരികെ പോകുന്നതും വളരെ ദുഷ്കരമായിരുന്നു. ഒരു ഭാഗത്തേക്ക് ഒരു പകൽ യാത്ര. വീട്ടിൽ വന്നാൽ ഏകദേശം 14 കിലോമീറ്റർ ദൂരമുള്ള കറുകച്ചാൽ വരെ നടന്നു ചെന്നെങ്കിൽ മാത്രമേ ബസ്സ് ലഭിക്കാറുണ്ടായിരുന്നുള്ളൂ. വീട്ടിലെത്തിയാൽ ഞായറാഴ്ച വി. കുർബ്ബാനയിൽ സംബന്ധിക്കുന്നതിന് മറ്റാരേയും ശ്രദ്ധിക്കാതെ ഒരുങ്ങി ആദ്യം തന്നെ ചെങ്ങരൂർ ചാപ്പലിൽ എത്തുമായിരുന്നു. പുതിയ പള്ളി പണിയുന്ന കാര്യത്തിലും മറ്റു ഇടവക കാര്യത്തിലും അദ്ദേഹം ബദ്ധശ്രദ്ധനായിരുന്നു. പിൽക്കാലത്ത് അദ്ദേഹം സൺഡേ സ്ക്കൂൾ അധ്യാപകനായും പ്രവർത്തിച്ചു. മറ്റുള്ളവരോടൊപ്പം എല്ലാ നടത്തിപ്പിലും മുൻപന്തിയിലായിരുന്നു.

പുതുശ്ശേരിയിൽ താമസമാക്കിയതിനുശേഷം കുഞ്ഞൂഞ്ഞുകുട്ടി (ജോസഫ്) അവറാച്ചൻ (ഏബ്രഹാം) എന്ന രണ്ടു പുത്രൻമാരും പൊന്നമ്മ (അന്നമ്മ) എന്ന പുത്രിയും ജനിച്ചു. ഈ സമയങ്ങളിൽ കുടുംബകാര്യങ്ങൾ നോക്കി നടത്തിയിരുന്നത് അദ്ദേഹത്തിന്റെ സഹധർമ്മിണിയായിരുന്നു.

ബേബി എന്ന കനിഷ്ഠ പുത്രന്റെ ഹൈസ്ക്കൂൾ വിദ്യാഭ്യാസം പൂർത്തിയായപ്പോൾ, കിളിച്ചുമല (പേരുമ്പ്രാൽ) കൊച്ചുട്ടി തോമസ്സിന്റെയും നിരണം പള്ളി കടവിൽ ശോശാമ്മയുടെയും വാത്സല്യപുത്രൻ ബേബി എന്ന വിളിപ്പേരുള്ള ജേക്കബും ചേർന്ന് വൈദിക ജീവിതത്തിലേക്ക് പ്രവേശിക്കുവാൻ, ബഥനി ആശ്രമത്തിലേക്ക് ചേർന്നു. ചെങ്ങരൂർ ഇടവകയിൽ നിന്നു ആദ്യമായി സന്ന്യാസ വൈദികർ ആകുവാനുള്ള ഭാഗ്യം ലഭിച്ചത് ഇവർ രണ്ടുപേർക്കാണ്. 1942-ലാണ് ഇവർ തിരുവല്ല ബഥനി ആശ്രമത്തിൽ ചേർന്ന് പ്രാരംഭ പരിശീലനം ആരംഭിച്ചത്. തുടർന്ന് ഒരു വർഷത്തെ നവസന്ന്യാസ പരിശീലനം പൂർത്തിയാക്കി 1944 മെയ് 19-ാം തീയതി ആദ്യ സന്ന്യാസ വ്രതാനുഷ്ഠാനം നടത്തി. ദൈവതിരുമനസ്സാൽ മൈക്കിൾ എന്ന പുതിയ നാമവും സ്വീകരിച്ചു. അതേ വർഷം തന്നെ ദൈവിക പഠനത്തിനായി സിലോണിൽ കാന്ഡി പേപ്പൽ സെമിനാരിയിലേക്ക് അയയ്ക്കപ്പെട്ടു.

തിരുവല്ല ബഥനി ആശ്രമത്തിന്റെ പ്രാരംഭകാലത്തെ നവശിഷ്യ ഗുരുവായിരുന്നത് ബഹുമാന്യനായ ജോണച്ചനായിരുന്നു. അദ്ദേഹത്തിന്റെ അദ്ധ്യാമിക ജീവിതം ബഹു. മൈക്കിളച്ചന്റെ ആത്മീക ചൈതന്യം വളർത്തിയെടുക്കുവാൻ വളരെ സഹായിച്ചു എന്നത്



www.malankaralibrary.com

വിസ്മരിക്കാൻ കഴിയുകയില്ല.

കാൻഡിയിലെ വൈദിക പഠനം പൂർത്തീകരിച്ച് 1952 ആഗസ്റ്റ് 20–ാം തീയതി അദ്ദേഹം വൈദിക പട്ടം സ്വീകരിച്ചു. കാൻഡിയിൽ വച്ചുള്ള അദ്ദേഹത്തിന്റെ പരിശീലനകാലം വളരെയധികം പവിത്രതയും പരിശുദ്ധിയും നിറഞ്ഞതായിരുന്നുവെന്ന് പിൽക്കാല ജീവിതത്തിൽ അദ്ദേഹം തെളിയിച്ചിട്ടുണ്ട്.

തിരുവല്ല ബഥനി ആശ്രമത്തിൽ പിന്നീട് അച്ചൻ സുപ്പീരിയറായി പ്രവർത്തിച്ചുകൊണ്ടിരിക്കുമ്പോൾ ബഥനി മഠത്തിലെ ചാപ്ലെൻ ആയും ശുശ്രൂഷിച്ചിട്ടുണ്ട്.

ബഹുമാനപ്പെട്ട അച്ചൻ ശെമ്മാശനായിരിക്കുമ്പോൾ വളരെ ചുരുക്കമായേ മഞ്ഞനാംകുഴി കുടുംബത്തിലും പ്രത്യേകിച്ച് തന്റെ മാതാപിതാക്കളെയും സന്ദർശിക്കാറുണ്ടായിരുന്നു. എന്നാൽ സുപ്പീരിയറായി തിരുവല്ല ബഥനി ആശ്രമത്തിൽ ആയിരുന്നപ്പോൾ വളരെ ജോലിത്തിരക്കിനിടയിലും അച്ചൻ കുടുംബം സന്ദർശിക്കാറുണ്ടായിരുന്നുള്ളു. അച്ചൻ ആദ്യമൊക്കെ വീടും സന്ദർശിക്കുന്നത് ബസ്സിറങ്ങി നടന്ന് എന്റെ ഭവനത്തിൽ കൂടി വന്ന് അടുത്ത മാസ്റ്ററപ്പച്ചന്റെയും ബഹുമാനപ്പെട്ട മൈക്കിളച്ചന്റെ പിതാവിന്റെ ജ്യേഷ്ഠന്റെ അതായത് അഭിവന്ദ്യ സഖറിയാസ് മാർ തിയോഫിലോസ് തിരുമേനിയുടെ ഭവനവും സന്ദർശിച്ചാണ് സ്വന്തം ഭവനത്തിലേക്ക് എത്താറുണ്ടായിരുന്നത്.

പിൽക്കാലത്ത് അച്ചന്റെ സഹോദരൻ, അന്ന് മലയായിലായിരുന്ന പാപ്പച്ചൻ അദ്ദേഹത്തിന്റെ യാത്രാക്ലേശം മനസ്സിലാക്കി ഒരു ബുള്ളറ്റ് മോട്ടോർ ബൈക്ക് വാങ്ങി നൽകുകയുണ്ടായി. അച്ചൻ മലബാർ മേഖലയിൽ പ്രവർത്തിച്ചപ്പോഴും ബൈക്ക് കൂടെ കൊണ്ടുപോയി ഉപയോഗിച്ചുകൊണ്ടിരുന്നു.

അച്ചൻ എന്റെ ഭവനത്തിൽ വരുന്ന അക്കാലത്ത് ഞാൻ ഹൈസ്കൂൾ ക്ലാസ്സുകളിൽ പഠനം നടത്തുകയാണു ചെറുപ്പം മുതൽ തന്നെ ശെമ്മാശൻ ആയതു മുതലുള്ള ഓർമ്മയാണ് എനിക്കുള്ളത്. അപ്പോഴൊക്കെ എന്റെ കവിളിൽ വാത്സല്യത്തോടെ തട്ടി അദ്ദേഹത്തിന്റെ സ്വതസിദ്ധമായ പുഞ്ചിരി സമ്മാനിച്ചിട്ടേ പോകുകയുള്ളായിരുന്നു.

സാധാരണ അച്ചൻ പോകുമ്പോൾ പുരയിടത്തിന്റെ താഴെവരെ അച്ചനെഅനുധാവനം ചെയ്യാറുണ്ട്. അങ്ങനെയുള്ള അവസരത്തിലാണ് എന്റെ ഉള്ളിൽ തിങ്ങിനിറഞ്ഞ ഒരു ആഗ്രഹത്തിന്റെ കെട്ടുകൾ ഞാൻ അഴിച്ചു വിട്ടത്. അച്ചനോടു ഞാൻ പറഞ്ഞു: "അച്ചാ, ഇതുവരെ ആരോടും പറയാത്ത ഒരു ആഗ്രഹം എനിക്കുണ്ട്, അത് ഞാൻ അച്ചനോടൊന്ന് പറയട്ടെ. എന്താ ജോർജ്ജുകുട്ടി, എന്നോട് പറയാമല്ലോ, അതിനെന്തിനു മടിക്കാനാണ്. അൽപം അറപ്പോടുകൂടി ഞാൻ പറഞ്ഞു, അച്ചാ എനിക്കും കൂടി ആശ്രമത്തിൽ ചേരാൻ ഇഷ്ടമാണു, പാസ്സായി കഴിഞ്ഞ് ഞാൻ കൂടി വന്നോട്ടെ? അച്ചൻ എന്റെ ചോദ്യം



www.malankaralibrary.com

ഒട്ടും പ്രതീക്ഷിച്ചിരിക്കുകയില്ല. കാരണം ഞാൻ എന്റെ മാതാപിതാക്കൾക്ക് മൂത്ത മകനും ഇളയ 3 സഹോദരിമാരുമാണ്. അതുകൊണ്ട് തീർത്തും പ്രയാസമായ ഒരു കാര്യമാണ് എന്നു വിചാരിച്ചുകൊണ്ട് അച്ചൻ പറഞ്ഞു.

കൊച്ചുണ്ണിച്ചായനും കൊച്ചമ്മയും മറ്റുള്ളവരും സമ്മതിക്കുമോ? ഏതായാലും കൂടുതൽ ആലോചിക്ക്, ദൈവം ഒരു മറുപടി തരും. ഈ വിവരം മറ്റാരും അറിഞ്ഞില്ല, അച്ചനും പ്രത്യേകം ആരോടും പറഞ്ഞിരുന്നില്ല.

ആ കാലയളവിൽ ചെങ്ങന്നൂർ പള്ളിയുടെ വികാരി ആയിരുന്നത് ബഹു. ജേക്കബ് വലിയ പറമ്പിലച്ചനായിരുന്നു. ആ കാലത്ത് ഞാൻ അൾത്താര ബാലനായി ശുശ്രൂഷ ചെയ്തിരുന്നു. എന്റെ കൂടെ പടിഞ്ഞാറേകുറ്റ് തോമസ്സ് (പരേതനായ തോമസ്സ് പടിഞ്ഞാറേക്കുറ്റ് അച്ചൻ) ചക്കാല മുറിയിൽ ജോയി (ജോസഫ്) ഉണ്ടായിരുന്നു. ഞാൻ 6ᵗʰ പാസ്സായതോടുകൂടി വീടു സന്ദർശിച്ച മൈക്കിളച്ചനോട് ഞാൻ ആശ്രമത്തിൽ തന്നെ ചേരാൻ തീരുമാനിച്ചുവെന്നും അടുത്ത വ്യാഴാഴ്ച ഞാൻ ആശ്രമത്തിലേക്ക് വരാനാണ് ഉദ്ദേശിക്കുന്നതെന്നും തീർത്തു പറഞ്ഞു. മനസ്സില്ലാ മനസ്സോടെ അച്ചൻ എന്നോട് പറഞ്ഞത് ജോർജ്ജുകുട്ടി നിനക്ക് അത്ര അധികം താല്പര്യമാണെങ്കിൽ വന്നു കൊള്ളുക. മാതാപിതാക്കളുടെ വിഷമതകളേയും എതിർപ്പുകളെയും അതിജീവിച്ചു വരികയാണെങ്കിൽ ധരിച്ചിരിക്കുന്ന ഒരു ഡ്രസ്സുമായി തന്നെ വന്നാലും കുഴപ്പമില്ലായെന്നാണ്. ബഹു.മൈക്കിളച്ചന്റെ ഒരു പ്രേരണയും ഒരിക്കൽ പോലും എനിക്കുണ്ടായിരുന്നുന്നെങ്കിലും അച്ചനെഎല്ലാവരും കുറ്റപ്പെടുത്തുമെന്നുള്ളതിന് സംശയമില്ലായിരുന്നു.

ബഹുമാനപ്പെട്ട മൈക്കിളച്ചന്റെ സ്വഭാവ ഗുണങ്ങൾ വർണ്ണനാതീതമാണ്. ആരേയും വശീകരിക്കുന്ന മുഖഭാവവും, മറ്റുള്ളവരോടുള്ള ഇടപെടലും അദ്ദേഹം ഒരു പട്ടക്കാരൻ ആയതിനുശേഷമുള്ള ആകാരഭംഗിയും, ഇടത്തോട്ട് കെട്ടി രണ്ടു തുമ്പുകൾ താഴോട്ടു കിടക്കുന്ന ഇടക്കെട്ടും കാവി നിറമുള്ള കുപ്പായവും, കറുത്ത ചരടിൽ തൂക്കിയിട്ടിരിക്കുന്ന കറുത്ത നിറമുള്ള മരക്കുരിശും, ചുരുണ്ട കറുത്ത മുടിയും, കറുത്ത ഫ്രെയിമോടു കൂടിയ കണ്ണാടയും, കറുത്ത ചുരുണ്ട താടി മീശയ്ക്കുള്ളിലെ വെളുത്തു സുന്ദരമായ ദന്തനിരയും ഓമനത്തവും നിഷ്കളങ്കതയും ഒത്തുചേർന്ന പുഞ്ചിരിയും അച്ചന്റെ സ്വഭാവ രീതിയും ത്യാഗമനോഭാവവും ലോകസുഖങ്ങൾ എല്ലാം ഉപേക്ഷിച്ച് സ്വമനസ്സാലെ സന്യാസജീവിതം ആഗ്രഹിച്ച് അത് തിരഞ്ഞെടുത്ത ആ മഹാത്മാവാണ് ആശ്രമജീവിതത്തിലേക്ക് താല്പര്യം തോന്നാൻ എനിക്ക് പ്രചോദനം നല്കിയെന്നുള്ള സത്യം ഞാൻ മറച്ചുവെയ്ക്കുന്നില്ല.

എന്റെ തീരുമാനം വീട്ടിൽ അറിഞ്ഞതു മുതൽ വളരെ പ്രക്ഷുബ്ധമായ ഒരു അന്തരീക്ഷം ഉളവായി മാതാപിതാക്കളും കുടുംബാംഗങ്ങളും ഉയർന്ന പദവിയിലുള്ളവർ പോലും എന്നെ ശകാരിക്കുവാൻ



www.malankaralibrary.com

തുടങ്ങി. കുടുംബം അന്യം നിന്നു പോകുമെന്ന് കുറ്റപ്പെടുത്തി. അതിനുശേഷം കുടുംബാംഗങ്ങളേയും, വാത്സല്യനിധിയായ വല്ല്യമ്മച്ചിയേയും ദുഃഖിപ്പിച്ചുകൊണ്ട് ആ വഴി സ്വീകരിക്കുന്നതിൽ ഞാൻ താല്പര്യപ്പെട്ടില്ല. എല്ലാത്തിലുമുപരി ബഹു. മൈക്കിളച്ചനെആയിരിക്കും മറ്റുള്ളവർ പഴിക്കുമെന്ന് ഓർത്ത് ഞാൻ എന്റെ തീരുമാനത്തിൽ നിന്നും പിന്മാറി. പിൽക്കാലത്ത് വിവാഹിതനായ എനിക്ക് നാലു പെൺമക്കൾ ജനിച്ചതിനുശേഷം കുടുംബം അന്യം നിന്നു പോകുമെന്ന് പറഞ്ഞവരോട് എല്ലാം യാതൊരു സങ്കോചവും കൂടാതെ ഞാൻ ചോദിച്ചത് നിങ്ങൾക്ക് എന്തു മറുപടിയാണ് തരാനുള്ളത് എന്നാണ്. ഒരാളിൽ നിന്നുപോലും മറുപടി ലഭിച്ചില്ല. ഇത് ഏവരും തിരിച്ചറിയേണ്ട ഒരു വിഷയം ആണ്, പ്രത്യേകിച്ച് ദൈവവിശ്വാസികൾ.

തിരുവല്ല ബഥനി ആശ്രമത്തിൽ സുപ്പീരിയറായി സ്തുത്യാർഹമായ സേവനം നടത്തികൊണ്ടിരിക്കുമ്പോൾ തന്നെ ബഹു.മൈക്കിളച്ചൻ തൃശ്ശിനാപ്പള്ളിയിൽ പോയി B.A. Honours Degree സമ്പാദിച്ച് തിരികെയെത്തി. അധികം താമസിക്കാതെ തന്നെ തിരുവല്ല രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ സഖറിയാസ് മാർ അത്തനാസിയോസ് തിരുമനസ്സ് മൈക്കിളച്ചന്റെ സമർപ്പണാ ബോധവും ത്യാഗ സന്നദ്ധതയും ആത്മാക്കൾക്കുവേണ്ടിട്ടുള്ള ദാഹവും മനസ്സിലാക്കി അദ്ദേഹം മലബാർ പ്രദേശത്ത് മലങ്കര സഭകളുടെ ആരംഭം കുറിക്കുവാൻ സമയം അതിക്രമിച്ചിരിക്കുന്നു എന്ന് മനസ്സിലാക്കി ബഹു. മൈക്കിളച്ചനെഭാരിച്ച ആ ചുമതല ഏല്പിക്കുകയായിരുന്നു.

യാതൊരു സുഖസൗകര്യങ്ങളോ പുരോഗതിയോ എത്തിനോക്കാത്ത മലബാർ പ്രദേശത്ത് കോഴിക്കോടിനു സമീപം മൈക്കാവ് എന്ന സ്ഥലത്ത് താമസിച്ചുകൊണ്ട് തന്റെ പ്രവർത്തനങ്ങൾക്ക് പ്രാരംഭം കുറിച്ചു, യാത്ര സൗകര്യങ്ങൾ, താമസസൗകര്യങ്ങൾ എന്നിവയുടെ അപര്യാപ്തത, വളരെ പ്രതികൂലമായ കാലാവസ്ഥ ഇവയൊന്നും തന്നെ അദ്ദേഹത്തിന്റെ പ്രവർത്തനത്തെ തളർത്തിയില്ല. ഒന്നുമില്ലായ്മയിൽ നിന്നും മലബാർ മിഷന് അടിസ്ഥാനമിടുന്നതിനും പരിപോഷിപ്പിക്കുന്നതിനും അച്ചന് സാധിച്ചു. വളരെ അത്ഭുതകരമായ വളർച്ചയാണ് സഭയ്ക്കുവേണ്ടി കാഴ്ചവെയ്ക്കാൻ അദ്ദേഹത്തിനു കഴിഞ്ഞത്. മൈക്കാവിലും ഓഞ്ഞിലും ആരാധനാലയങ്ങളും വേളംങ്കോടു സ്കൂളും അദ്ദേഹത്തിന്റെ ശ്രമഫലമായി നിർമ്മിക്കപ്പെട്ടു. ജനങ്ങളുടെ എല്ലാം കണ്ണിലുണ്ണിയായും എല്ലാവരുടെയും ഒരു പൊതു സ്വത്തായി വളരെ എളുപ്പത്തിൽ തന്നെ അച്ചൻ ആയിത്തീർന്നു. മൈക്കാവിൽ താമസിച്ചുകൊണ്ട് വേളംങ്കോടു സ്കൂളിന്റെ മനേജരായി പ്രവർത്തിച്ചിരുന്ന അദ്ദേഹം പ്രദേശത്തിന്റെ വളർച്ചയ്ക്ക് തന്നെ നിദാനമായി. കോടംഞ്ചേരി, കൂടത്തായി മഠങ്ങളിലേ ആത്മീയാചാര്യനായും കൂടാതെ ഓഞ്ഞിൽ, മുറംപാത്തി മുതലായ പള്ളികളിൽ ഇടയ്ക്കിടെ പോയി ആത്മീയ പ്രഘോഷണങ്ങൾ നടത്തുകയും ചെയ്തിരുന്നു.

സഭയുടെ ദൗത്യവും പ്രസ്ഥാനങ്ങളും കൂടുതൽ വളർത്തിയെടുക്കുവാൻ വേണ്ടി കൂടുതൽ സിസ്റ്റേഴ്സിനെആവശ്യമായി വന്നതു



www.malankaralibrary.com

കൊണ്ട് ബഹു. മൈക്കിൾ അച്ചൻ തന്റെ പ്രവർത്തനമണ്ഡലങ്ങളി ലേക്ക് 1964 മേയ് മാസം പകുതിയോടു കൂടി ആറ് ബഥനി സിസ്റ്റേ ഴ്സിനെഅവിടെയ്ക്ക് ക്ഷണിച്ചുവരുത്തി. താമസത്തിനു മതിയായ സൗകര്യം ഇല്ലായിരുന്നതിനാൽ ഒരു മടിയും കൂടാതെ മൈക്കാവിൽ അദ്ദേഹം താമസിച്ചിരുന്ന ഇടം സിസ്റ്റേഴ്സിനു വേണ്ടി വിട്ടു കൊടുത്തിട്ട് വേളംങ്കോട് സ്കൂളിന്റെ അടുത്ത് തനിക്ക് ലഭിച്ച ഒരു കൊച്ചു ഭവനത്തിൽ താമസമാക്കി.

1964 ഡിസംബറിൽ ബോംബെയിൽ അന്നത്തെ മാർപാപ്പ പോൾ ആറാമന്റെ തിരുസാന്നിദ്ധ്യത്തിൽ അന്തർദേശീയ കത്തോലിക്കാ, കോൺഗ്രസ് സമ്മേളനം നടത്താൻ തീരുമാനിച്ചിരുന്നു. ഒരു മാർപാപ്പ ഇന്ത്യാ മഹാരാജ്യം സന്ദർശിക്കുന്നത് ചരിത്രത്തിൽ ആദ്യമായിരുന്നു. ഇന്ത്യ മുഴുവനും അതിനുവേണ്ടി ഒരുങ്ങിക്കഴിഞ്ഞിരുന്നു. കത്തോ ലിക്ക സഭയുടെ ലോകനേതാക്കന്മാരും എല്ലാ രാജ്യങ്ങളിൽ നിന്നു മുള്ള പ്രതിനിധികളും കേരളത്തിലെ കത്തോലിക്ക സഭയുടെ മേലധ്യ ക്ഷന്മാർ മുതൽ അൽമയർ വരെ അതിൽ സംബന്ധിച്ചിരുന്നു.

ബഹുമാനപ്പെട്ട മൈക്കിൾ അച്ചനും, ബഥനി സിസ്റ്റർ ക്രിസ്റ്റീ നയും അഞ്ച് കർമ്മലീത്ത സിസ്റ്റേഴ്സും അച്ചനോടൊപ്പം ദിവ്യകാ രുണ്യ കോൺഗ്രസിൽ പങ്കെടുക്കാൻ ബോംബെയ്ക്കു പോയിരുന്നു. സിസ്റ്റർ ക്രിസ്റ്റീനയുടെ സഹോദരൻ അതായത് എബ്രഹാം മാർ യൂലി യോസ് തിരുമേനിയുടെ ജ്യേഷ്ഠസഹോദരൻ യശശരീരനായ Fr.Stani Flavous -ന്റെ പൗരോഹിത്യ സ്ഥാനാരോഹണം ചെറിയാൻ രാമനാ ലിൽ ഉൾപ്പെടെ അബ്ശെമ്മാശൻമാരോടൊപ്പം കത്തോലിക്ക കോൺഗ്രസ്സിൽ വച്ച് നടത്താനുണ്ടായിരുന്നതുകൊണ്ട് സിസ്റ്റർ ക്രിസ്റ്റീനസി.ഐ.സി ക്കും അതിൽ സംബന്ധിക്കാനുള്ള അനുവാദം ലഭിച്ചിരുന്നു. ദിവംഗതനായ അഭിവന്ദ്യ ആർച്ച് ബിഷപ്പ് ബനഡിക്ട് മാർ ഗ്രീഗോറിയോസ് തിരുമനസ്സിന്റെ കാർമ്മികത്വത്തിൽ തിരുകർമ്മ ങ്ങൾ നടന്നു.

അഖിലേന്ത്യാ കത്തോലിക്കാ സമ്മേളനം എല്ലാം കത്തോലിക്കാ വിഭാഗങ്ങളും ചേർന്നുള്ള സമ്മേളനം ആയിരുന്നതുകൊണ്ട് മറ്റ് പല രോടുമൊപ്പം ബഹു. മൈക്കിളച്ചനും വളരെ കഠിനാധ്വാനം വിശ്രമരഹി തമായി നടത്തേണ്ടി വന്നു. ബഹു. മൈക്കിളച്ചനും കൂടെ ഉണ്ടായിരുന്ന വരും തിരികെ ഗോവ വഴിയാണ് വന്നത്. വി.ഫ്രാൻസിസ് സേവ്യരുടെ തിരുശരീര ദർശനം നടത്തി. അവിടെ വി. കുർബ്ബാനഅർപ്പിച്ച് പ്രത്യേക പ്രാർത്ഥനകളും നടത്തി. ഗോവയിൽ വളരെ കലശലായ തണുപ്പ് അനു ഭവപ്പെടുന്ന സമയത്ത് ക്ഷീണിതനായ അദ്ദേഹം തണുത്ത വെള്ള ത്തിൽ കുളിക്കുകയും ചെയ്തതോടെ കഠിനമായ പനി ആരംഭിച്ചു. എന്നാൽ അവിടെ തങ്ങാൻ ഒതുങ്ങാതെ സിസ്റ്റേഴ്സിനോടൊപ്പം കോഴിക്കോട്ടേക്ക് തിരികെ പോരുന്നു. യാത്രയിൽ വളരെ തളർച്ചയും പനിയും വർദ്ധിക്കുകയും അദ്ദേഹം മൈക്കാവ് തിരികെ എത്തിയപ്പോ ഴേക്കും അദ്ദേഹത്തിന്റെ സ്ഥിതി കൂടുതൽ വഷളായതുകൊണ്ട് മേരി ക്കുന്ന് ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടു. നിമിഷങ്ങൾക്കകം



www.malankaralibrary.com

സ്ഥിതി വളരെ ആശങ്കാജനകമായി ബോധം തന്നെ കുറഞ്ഞുതുടങ്ങി. വളരെ ഞരക്കത്തോടെ 'അച്ചായാ, അമ്മച്ചി', എന്നൊക്കെ പറഞ്ഞുകൊണ്ടിരുന്നു. തിരുവല്ല അരമനയിലും വീട്ടിലുമെല്ലാം ബഹു. അച്ചന്റെ സ്ഥിതി അറിയിച്ചുകൊണ്ടിരുന്നു.

മൈക്കിൾ അച്ചന്റെ ഇളയ സഹോദരൻ അവറാച്ചനും സഹോദരി ഭർത്താവ് കറിയാച്ചനും (Scaria) ആശുപത്രിയിൽ എത്തി. സ്ഥിതി വളരെ മോശമായി കണ്ടതുകൊണ്ട് അച്ചന്റെ സഹോദരൻ അവിടെ തന്നെ നിൽക്കുകയും പിതാവിനെയും മാതാവിനെയും കൂട്ടികൊണ്ടുവരുവാൻ വേണ്ടി അദ്ദേഹത്തിന്റെ സഹോദരി ഭർത്താവ് വീട്ടിലേക്ക് തിരികെ പോവുകയും ചെയ്തു. മാതാപിതാക്കളെ കൂട്ടിക്കൊണ്ട് പോകാൻ ഒരുങ്ങുമ്പോഴേക്കും ആ ദുഃഖവാർത്ത എത്തി. യജമാനൻ തന്റെ തോട്ടത്തിന്റെ ചുമതല ഏൽപ്പിച്ചിരുന്ന വിശ്വസ്തനായ സത്യസന്ധത പുലർത്തിയിരുന്ന വളരെ കണിക്കാരനായിരുന്ന മറ്റെല്ലാവരോടും അത്യന്തം സ്നേഹമായി പെരുമാറിയിരുന്ന തന്റെ ഭൃത്യനെതിരികെ വിളിച്ചു കഴിഞ്ഞു. മൂന്നു നാലു ദിവസം മാത്രമേ അച്ചൻ ആശുപത്രിയിൽ ഉണ്ടായിരുന്നുള്ളൂ.

ആ ധന്യ പുരോഹിതന്റെ ആത്മാവ് 1964 ഡിസംബർ 18ന് ചിറകടിച്ചുപറന്നുപറന്ന് സ്വർഗ്ഗത്തിലേക്ക് പോയപ്പോൾ മലങ്കര കത്തോലിക്കാ സഭ ഒന്നാകെയും തിരുവല്ല ബഥനി ആശ്രമം പ്രത്യേകിച്ചും അതോടൊപ്പം ആ പുണ്യാത്മാവിന്റെ സ്വന്തം ഇടവകാംഗങ്ങളും, പറഞ്ഞറിയിക്കാൻ കഴിയാത്ത വിധം മാതാപിതാക്കളും, സഹോദരി സഹോദരങ്ങളും കുടുംബാംഗങ്ങളും നാട്ടുകാരും ഒന്നാകെ ഞെട്ടിവിറച്ചു, കണ്ണീരിൽ കുതിർന്ന് ഒരു മൂകമായ അന്തരീക്ഷം ആയിരുന്നു.

ബഹു. മൈക്കിളച്ചന്റെ ഭൗതീകശരീരം കുടുംബ ഇടവകയായ ചെങ്ങന്നൂർ മലങ്കര കത്തോലിക്കാ പള്ളിയിൽ കൊണ്ടുവരാൻ തീരുമാനിച്ചു. ആ വന്ദ്യ വൈദികന്റെ പ്രവർത്തന മണ്ഡലമായ മൈക്കാവിലും വിവിധ പ്രദേശങ്ങളിലും ഉള്ളവർ യാത്ര ആക്കിയപ്പോൾ ഒന്നാകെ വിതുമ്പുകയായിരുന്നു, കാരണം നാനാജാതിമതസ്ഥരുടെ ഹൃദയം കവർന്നെടുക്കാൻ അദ്ദേഹത്തിന്റെ ഹൃസ്വകാല പ്രവർത്തനം കൊണ്ടു കഴിഞ്ഞിരുന്നു.

ചെങ്ങരൂർ പള്ളിയിൽ വൈകുന്നേരത്തോടെ ഭൗതീക ശരീരം എത്തിച്ചേർന്നു. ആ കാലത്തായിട്ടുപോലും മനുഷ്യ മഹാ സമുദ്രമായി മാറിയിരുന്നു പള്ളി പരിസരം കാരണം വീട്ടിലേക്ക് ഭൗതീകശരീരം വീട്ടിലേക്ക് കൊണ്ടുപോകാൻ സാധ്യത കുറവാണെന്നറിഞ്ഞ് എല്ലാവരും ചെങ്ങരൂർ പള്ളിയിൽ എത്തിയിരുന്നു. അന്ന് ചെങ്ങരൂർ ഇടവക വികാരി ആയിരുന്നത്. ചെറിയ ബഹു. ഏബ്രഹാം മാരേട്ടച്ചനായിരുന്നു. വളരെ ശോക പൂർണ്ണമായ അന്തരീക്ഷത്തിൽ അച്ചന്റെ ആത്മാവിനുവേണ്ടി പ്രത്യേകം പ്രാർത്ഥനനടത്തുകയും മൈക്കിളച്ചന്റെ ആത്മാവ് തന്റെ ഇടവക പള്ളിയോടും ഇടവകക്കാരോടും നാട്ടുകാരോടും യാത്ര ചോദിച്ച് തിരികെ തിരുവല്ല ബഥനി ആശ്രമത്തിൽ ഭൗതിക ശരീരം എത്തിക്കുകയും ചെയ്തു.



www.malankaralibrary.com

ആശ്രമ ചാപ്പലിൽ അഭിവന്ദ്യ ആർച്ച് ബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലിത്തായുടെയും, തിരുവല്ല രൂപതാധ്യക്ഷൻ അഭിവന്ദ്യ സഖറിയാസ് മാർ അത്തനാസിയോസ് തിരുമനസ്സിന്റെയും അനേകം വൈദികരുടെയും, കന്യാസ്ത്രീകളുടെയും അദ്ദേഹത്തിന്റെ പ്രത്യേക പ്രവർത്തനമേഖല ആയിരുന്ന മലബാറിലെ ജനങ്ങളുടെയും സാന്നിദ്ധ്യത്തിൽ നടന്ന ശുശ്രൂഷകൾക്ക് ശേഷം അദ്ദേഹത്തിന്റെ ഭൗതീക ശരീരം ചാപ്പലിന്റെ പരിസരത്ത് തയ്യാറാക്കിയിരുന്ന കബറിൽ കബറടക്കപ്പെട്ടു. അതോടൊപ്പം മൈക്കിളച്ചൻ ഓർമ്മ ആയി തീർന്നു.

ബഹുമാനപ്പെട്ട മൈക്കിളച്ചന്റെ കുടുംബാംങ്ങളെ കുറിച്ച് : അദ്ദേഹത്തിന്റെ സഹോദരങ്ങളാണ് മേരിക്കുട്ടി, പാപ്പച്ചൻ, കുഞ്ഞുഞ്ഞുകുട്ടി, അവറാച്ചൻ, പൊന്നമ്മ എന്നിവർ. എന്നാൽ നിർഭാഗ്യവശാൽ മൂന്നു സഹോദരന്മാരും മൺമറഞ്ഞു, രണ്ടു സഹോദരിമാർ മാത്രമേ ജീവിച്ചിരിപ്പുള്ളൂ.

ദൈവഹിതത്താൽ മൈക്കിളച്ചന്റെ പ്രവർത്തനമണ്ഡലത്തിൽ തന്നെ പിതൃ ജ്യേഷ്ഠ സഹോദരന്റെ പുത്രൻ അഭിവന്ദ്യ സഖറിയാസ് മാർ തെയോഫിലോസ് തിരുമനസ്സുകൊണ്ട് ഇപ്പോൾ മലബാർ ഓർത്തഡോക്സ് ഭദ്രാസനത്തിന്റെ അധിപനായി വാണരുളുന്നു. നമ്മിൽ നിന്നും ഇഹലോകവാസമൊഴിഞ്ഞ ബഹു. M.C. Alexander Cor-Episcopa (മഞ്ഞനാംകുഴിയിൽ അച്ചൻ) ഇത്തരുണത്തിൽ ആദരപൂർവ്വം അനുസ്മരിക്കുന്നു.

ഈ കുടുംബാംഗമായ ബഹു. ഏലിയാസ് തേക്കനാലച്ചൻ പലയിടങ്ങളിലും വികാരിയായിരുന്നതിനുശേഷം ദീർഘകാലം തിരുവല്ല രൂപതാ ഇക്കണോമൂസ് ആയും പ്രവർത്തിച്ചിട്ടുണ്ട്. ഇപ്പോൾ പള്ളിമല സ്നേഹസദനിൽ വിശ്രമജീവിതത്തിൽ ആണ്. കൂടാതെ കുടുംബത്തിലെ ബഹു. ജൂബി കടമണ്ണിലച്ചനും കുട്ടൻ ചിറയിൽ മാത്യു അച്ചനും വൈദിക വൃത്തിയിൽ സജീവമാണ്.

ഈ കുടുംബത്തിലെ അംഗങ്ങളായ പരേതയായ സിസ്റ്റർ മേരി സേവ്യർ സി.ഐ.സി യെയും, സിസ്റ്റർ ഫ്ളോറൻസ് സി.ഐ.സി (ബഥാനിയ), സിസ്റ്റർ നയോമി സി.ഐ.സി (തിരുമൂല) എന്നിവരേയും സ്നേഹത്തോടെ സ്മരിക്കുന്നു.

ബഹുമാനപ്പെട്ട മൈക്കിളച്ചൻ മലങ്കര കത്തോലിക്ക സഭയ്ക്ക് ഒരു വാഗ്ദാനം ആയിരുന്നു. വലിയൊരു പ്രതീക്ഷ അദ്ദേഹത്തിൽ നിക്ഷിപ്തമായിരുന്നു. എന്നാൽ സ്വർഗ്ഗത്തിൽ ഉന്നതമായ പദവി നല്കാൻ രക്ഷകനായ യേശു നാഥൻ തിരുമനസ്സായപ്പോൾ നമുക്ക് അതിൽ ആശ്വസിക്കാനേകഴിയുകയുള്ളൂല്ലോ.

പൊതുവിധി ദിനത്തിൽ അദ്ദേഹത്തിന്റെ പുഞ്ചിരിക്കുന്നതും ശോഭയേറിയതുമായ ദിവ്യമുഖം കാണാനിടയാകട്ടെ എന്ന പ്രതീക്ഷയോടെ, അദ്ദേഹത്തിന്റെ ആത്മാവിനെ നമിച്ചുകൊണ്ട്.....



www.malankaralibrary.com

## മൈക്കിളച്ചന്റെ കുടുംബാംഗങ്ങൾ

1) **മേരിക്കുട്ടി സ്കറിയ**
ഭർത്താവ്: Late.സ്കറിയാ എറണാകേരിൽ
മക്കൾ: റോസമ്മ, അന്നക്കുട്ടി, ജോസുകുട്ടി
ബേബിച്ചൻ, മിറയമ്മ, മാത്തുക്കുട്ടി, റെജി

2) **Late.എം.എ.ജോൺ (പാപ്പച്ചൻ)**
ഭാര്യ: അച്ചാമ്മ
മക്കൾ: ഡെയ്സി, ബാവ, കൊച്ചുബേബി, ബോബി

3) **Late.എം.എ.ജോസഫ് (കുഞ്ഞൂഞ്ഞുകുട്ടി)**
ഭാര്യ: Late.മേരിക്കുട്ടി
മക്കൾ: ആനി, എബി

4) **Late.എം.എ.ഏബ്രഹാം (അവറാച്ചൻ)**
ഭാര്യ: കുഞ്ഞുമോൾ
മക്കൾ: സതീഷ്, സനിൽ, സോജി

5) **പൊന്നമ്മ സെബാസ്റ്റ്യൻ**
ഭർത്താവ്: Late.സെബാസ്റ്റ്യൻ കൈലാത്ത്
മക്കൾ: മിനി, റിബി, റോബിൻ

---



| | | |
|---|---|---|
| Advisor | : | Georgekutty Manjanamkuzhiyil |
| Co-ordination | : | Kochu baby |
| Data Collection | : | Susan Thomas & Salomy Sathesh |
| Data Editing | : | Bobby John |
| Editorial Board | : | Abraham John, Sathesh Abraham |
| | | Sanil Abraham, Aby Joseph |
| Published by | : | Moovakkottu Manjanamkuzhiyil Family |

*Special Thanks to*

Vicar Fr. Kuriakose Thadathil & committee members of
St. George Malankara Catholic Church, Chengaroor
& Members of Bethany Ashram, Thiruvalla




www.malankaralibrary.com




www.malankaralibrary.com




Design & Printed @ Modern Printing Press, Pathanamthitta - 0468 2223188, 9497105321

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com